# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.02.2025
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:22 FEBRUARY 2025 ANNUAL SUBSCRIPTION Rs. 100/-


## സത്യം മിനിസ്ട്രീസ് മണിപ്പൂരിൽ സ്കൂൾ ആരംഭിച്ചു







**തിരുവല്ല:** സത്യം മിനിസ്ട്രീസ് കുക്കി സ്റ്റുഡന്റസ് ഓർഗനൈസേഷന്റെ (കെഎസ്ഒ) സഹകരണത്തോടെ മണിപ്പൂരിൽ പുതിയ സ്കൂൾ ആരംഭിച്ചു. ഒക്ടോബർ രണ്ടാം വാരത്തോടെ കേരളത്തിൽ നിന്നും മണിപ്പൂർ CWC യുടെ നേതൃത്വത്തിൽ മണിപ്പൂരിലേക്കു മടങ്ങിപ്പോയ കുട്ടികൾക്കു വേണ്ടിയാണ് അവരുടെ ജന്മനാട്ടിൽ സത്യം മിനിസ്ട്രീസ് പുതിയ സ്കൂൾ തുടങ്ങുന്നത്. 370 കുട്ടികൾ പഠനം തുടങ്ങി.

ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ 2024 മേയിൽ ആരംഭിച്ച കലാപത്തിന്റെ ആദ്യഘട്ടം മുതലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളും സഹായങ്ങളും സത്യം മിനിസ്ട്രീസ് തുടർന്നുകൊണ്ടിരിക്കുകയാണ്. ഏറെ വെല്ലുവിളികൾ നിറഞ്ഞ ദൗത്യമാണ് മിനിസ്ട്രീസ് ഏറ്റെടുത്തു നടത്തിവരുന്നത്. മണിപ്പൂരിലെ കുട്ടികളുടെ വിദ്യാഭ്യാസവും ഭാവിയും ലക്ഷ്യമിട്ടു കൊണ്ടു സത്യം മിനിസ്ട്രീസ് മുൻകയ്യെടുത്ത പല പ്രവർത്തനങ്ങൾക്കും ഒട്ടേറെ തടസ്സങ്ങൾ നേരിട്ടിരുന്നെങ്കിലും അതിനെയൊക്കെ മറികടക്കാൻ കഴിഞ്ഞു. യുവ ജനങ്ങൾക്കായി കമ്പ്യൂട്ടർ പരിശീലനവും, തയ്യൽ പരിശീലനവും ആരംഭിച്ചിട്ടുണ്ട്.





**മണിപ്പൂരിലെ റിലീഫ് ക്യാമ്പിലേക്ക് TMM ആശുപത്രി നല്കിയ മെഡിസിൻ ചെയർമാൻ ജോർജ് കോശി സി. വി. വടവനക്ക് കൈമാറുന്നു.**

## ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഇലന്തൂർ

**പത്തനതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 27-ാം ബിരുദദാന സമ്മേളനം ദൈവഹിതമായാൽ 2025 ഫെബ്രുവരി 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പത്തനംതിട്ട സുവിശേഷാലയത്തിൽ വച്ച് നടത്തപ്പെട്ടു.


കൂടാതെ, ഫെബ്രുവരി 19 ബുധൻ, 20 വ്യാഴം എന്നീ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെ പത്തനംതിട്ട സുവിശേഷാലയത്തിൽ പ്രത്യേക യോഗങ്ങളും ക്രമീകരിച്ചിട്ടുണ്ട്. ഡോ. ജോഷ്വാ ജേക്കബ് ബിരുദദാന സമ്മേളനത്തിലും വൈകിട്ടുള്ള യോഗങ്ങളിലും വചനശുശ്രൂഷ നിർവ്വഹിച്ചു. ഇതോടൊപ്പം ഫെബ്രുവരി 17 തിങ്കൾ മുതൽ 20 വ്യാഴം വരെ ബി. ബി. ഐ. യുടെ ഇലന്തൂർ പരിയാരം ക്യാമ്പസിൽ വിദ്യാർത്ഥികൾക്കുവേണ്ടി നടക്കുന്ന മിഷനറി കോൺഫറൻസിൽ ഡോ. ജോഷ്വാ ജേക്കബിനോടൊപ്പം സുവി. ഷൈൻ പി. അസ്സിയും (അസൻസോൾ), ബി. ബി. ഐ. അദ്ധ്യാപകരും വചനം ശുശ്രൂഷിച്ചു.


## 12-ാമത് എ ഐ ബി എഫ് ഫാമിലി കോൺഫറൻസ്


ബ്രദർ ജോസ് പീറ്റർ സിഡ്നി


ബ്രദർ സാം കെ ജോൺ


ബ്രദർ സാബിൻ ജോസ് മെൽബൺ


ബ്രദർ രാജൻ വർഗീസ് മെൽബൺ


ബ്രദർ ഗ്രേം ഡേ ബെൻഡിഗോ

**ഓസ്ട്രേലിയ:** 12-ാമത് എ ഐ ബി എഫ് ഫാമിലി കോൺഫറൻസ് 2025 ഏപ്രിൽ 24, 25, 26, 27 എന്നീ തീയതികളിൽ CYC THE ISLAND 41-53 Chruch Street Cowes, 3922 ഫിലിപ്പ് ഐലൻഡ് ഓസ്ട്രേലിയയിൽ നടത്തപ്പെടും. ബ്രദർ സാം കെ ജോൺ, ബ്രദർ ഗ്രേം ഡേ ബെൻഡിഗോ, ബ്രദർ ജോസ് പീറ്റർ സിഡ്നി, ബ്രദർ രാജൻ വർഗീസ് മെൽബൺ, ബ്രദർ സൗബിൻ ജോസ് മെൽബൺ എന്നിവരാണ് സ്പീക്കറുകൾ. "എല്ലായ്പ്പോഴും ഒരുമിച്ച്" എന്നതാണ് ഫാമിലി കോൺഫറൻസിന്റെ തീം.




SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള*
*ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

# തലക്കുറി

## എനിക്ക് ഒരു ദിവസം കൂടി തരൂ

### ബ്രദർ സി.വി. വടവന



ഒരു വസ്തു എപ്പോഴാണ് നന്നായിരിക്കുന്നു എന്നു പറയാൻ കഴിയുക? അത് ഏതു ലക്ഷ്യത്തിനായി നിർമ്മിതമായോ ആ ലക്ഷ്യം സാധിക്കുമ്പോൾ.

ഒരു മനുഷ്യൻ എന്തിനായി സൃഷ്ടിക്കപ്പെട്ടു? അവന്റെ ലക്ഷ്യം എന്ത്? ആ ലക്ഷ്യം സാധിക്കുന്നുണ്ടോ? ചോദ്യത്തിനുത്തരം കണ്ടെത്തിയാൽ മാത്രമേ അവന്റെ ജന്മം സഫലമായി എന്നു നമുക്കു പറയാനാവൂ. സമ്പത്ത്, സുഖ സൗകര്യാദികൾ, പദവികൾ തുടങ്ങി ഈ പ്രപഞ്ചത്തിലെ നേട്ടങ്ങളെല്ലാം ഒരുവൻ കയ്യടക്കിയെന്നു കരുതുക; അവൻ പരിപൂർണ്ണനാണെന്നു പറയാനാകുമോ? ഇവയൊക്കെ ശാശ്വതമായി അവനെ നിലനിർത്തുമോ?

ഒരു ശില്പം എപ്പോഴാണ് നന്നെന്നു പറയാൻ നമുക്കു കഴിയുന്നത്? വിശ്വപ്രസിദ്ധമായ പീയെത്ത എന്ന ശില്പം തന്നെയെടുക്കുക. പീയെത്ത നിർമ്മിച്ചത് ലോകൈക ശില്പിയായ മൈക്കിൾ ആഞ്ജലോയാണ്. അദ്ദേഹത്തിന് തന്റെ രചനയെക്കുറിച്ച് ഒരു ലക്ഷ്യമുണ്ടായിരുന്നു. ആ ശില്പിയുടെ മനോഭിലാഷം സഫലമാക്കിയതനുസരിച്ച് പീയെത്ത എന്ന ശില്പം പൂർണ്ണ നേടി.

മനുഷ്യന്റെ പൂർണ്ണത ദൈവത്തിന്റെ മനസ്സ് നിർവ്വഹിക്കുന്നതിലാണ്. സ്രഷ്ടാവിന് ഓരോ സൃഷ്ടിയെക്കുറിച്ചും വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. സൃഷ്ടി ആ ലക്ഷ്യം സഫലമാക്കിയാൽ മാത്രമേ പൂർണ്ണത കൈവരുകയുള്ളൂ. ദൈവത്തെ മഹത്വപ്പെടുത്തുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. എങ്ങനെയാണ് ദൈവത്തെ മഹത്വപ്പെടുത്തുക? യേശു അത് സുലളിതമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ടു സ്വർഗ്ഗീയ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ സത്കർമ്മങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ എന്ന വാക്കുകളിൽ.

ഓരോ വസ്തുവും അതു വിരവിച്ച വ്യക്തിയുടെ അഭീഷ്ടം സഫലമാക്കുമ്പോൾ പൂർണ്ണത കൈവരിക്കുകയും വിപരീതമായി ചെയ്യുമ്പോൾ അസ്തിത്വം പാഴാക്കുകയുമാണ്. ചാൾസ് അഞ്ചാമൻ ചക്രവർത്തി തന്റെ പരിചാരകനായ ഒരു മനുഷ്യന്റെ മരണ സമയത്ത് അടുത്തുണ്ടായിരുന്നു. അയാളുടെ സേവനങ്ങളിൽ സന്തുഷ്ടനായിരുന്ന ചക്രവർത്തി ചോദിച്ചു; “നിങ്ങൾക്ക് എന്തഭിലാഷമാണുള്ളത്? എന്തു തന്നെയാണെങ്കിലും അതു സാധിച്ചു തരാം.

മരണത്തിനു നിമിഷങ്ങൾ എണ്ണിയെണ്ണിക്കഴിച്ച ആ മനുഷ്യൻ പറഞ്ഞു: “എനിക്ക് ഒരു ദിവസം കൂടി ജീവിതം തരണം.” ആ സാധു മനുഷ്യന്റെ വാക്ക് ചക്രവർത്തിയുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. അദ്ദേഹം സ്വയം പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവാൻ ഞാനാണെന്ന് ഞാൻ കരുതി. എന്തും ആർക്കും കൊടുക്കുവാനുള്ള ശക്തിയുണ്ടെന്നു ധരിച്ചു പക്ഷേ ഈ മനുഷ്യൻ ചോദിച്ച ദാനം ദൈവത്തിനു മാത്രമേ കൊടുക്കാൻ കഴിയൂ.

മരണക്കിടക്കയിൽ കിടന്ന ആ സാധു മനുഷ്യൻ പറഞ്ഞു; “വാസ്തവത്തിൽ ഞാൻ എത്രയോ മടയനാണ്. എന്റെ സേവനം രാജാധിരാജനായ ദൈവത്തിനുവേണ്ടി മാത്രം ഉഴിഞ്ഞു വച്ചിരുന്നെങ്കിൽ!” രാജ്യത്തിന്റെ സർവ്വാധികാരിയായിരുന്ന ചാൾസ് അഞ്ചാമന് യാതൊന്നും മറുപടി പറയാനായില്ല.

നമ്മുടെ ജീവിതത്തിലെ മനോഹരമായ നിമിഷങ്ങൾ ഏതെന്ന് ചോദിച്ചാൽ ദൈവത്തിനുവേണ്ടി ചെലവഴിച്ച നിമിഷങ്ങൾ എന്നതായിരിക്കണം ഉത്തരം.

**- ചീഫ് എഡിറ്റർ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ

**ലേഖനം**

**ഐസക് സാമുവേൽ**



എല്ലാ പ്രസംഗകരുടെയും വിശ്വാസികളുടെയും ഉത്തരവാദിത്വമാണ് ക്രിസ്തുവിനെ സാക്ഷിക്കുക എന്നത്. സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു. അവൻ ജീവൻ നല്കുന്നു. അവൻ വെളിച്ചമാണ്.

നാം ഇവിടെ ചിന്തിക്കുന്നത് ത്രിത്വത്തിലെ രണ്ടാമനായ ദൈവത്തിന്റെ നിത്യപുത്രനെക്കുറിച്ചാണ്. 14-ാം വാക്യം പറയുന്നത്, വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. അതുകൊണ്ട് നാം മനുഷ്യനായി തീർന്ന ദൈവത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.

ആറാം വാക്യത്തിൽ ഒരു പരിവർത്തനം കാണാം. ഒരു മനുഷ്യൻ വന്നു. സൃഷ്ടിക്കപ്പെടാത്ത, സൃഷ്ടാവായ, നിത്യനായ, പൂർവ്വാസ്തിക്യമുള്ള, ദൈവത്തോടു കൂടെ വസിക്കുന്ന, സ്വയംഭൂവായ ഒരുവൻ, അവിടുന്നു മനുഷ്യനായി തീർന്നു. യോഹന്നാൻ സുവിശേഷത്തിലൂടെ നല്കുന്ന നിരവധി കാര്യങ്ങളും ക്രിസ്തുയേശുവിനെക്കുറിച്ചുള്ള സാക്ഷ്യങ്ങളാണ്. അതിനായി പിതാവിന്റെ സാക്ഷ്യവും യേശുക്രിസ്തുവിന്റെ വാക്കുകളും സാക്ഷ്യമായി ചൂണ്ടിക്കാണിക്കുന്നു. കർത്താവിന്റെ അത്ഭുതങ്ങളുടെ ദൃക്സാക്ഷികൾ, ശിഷ്യന്മാർ, പരിശുദ്ധാത്മാവിന്റെ സാക്ഷ്യം ഇവ യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നു.

സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും ഇല്ല. മത്തായി 11:11 ൽ യേശു കർത്താവാണ് ഇത് പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ട്? കൂടുതൽ ബുദ്ധിമാനായതുകൊണ്ടോ? അല്ല , കൂടുതൽ ആത്മീകനായതുകൊണ്ടോ? അല്ല. കർത്താവായ ക്രിസ്തുയോശുവിനെ പ്രകാശമായി പരിചയപ്പെടുത്തിയതിന്റെ ആശയം മനസ്സിലാക്കുവാൻ ശാസ്ത്രത്തിൽ നിന്നും ചില കാര്യങ്ങൾ ശ്രദ്ധിക്കാം.

യഥാർത്ഥത്തിൽ പ്രകാശം ഊർജ്ജമാണ്. പ്രകാശത്തെ പ്രകാശോർജ്ജം, വികിരണ ഊർജ്ജ, വൈദ്യുത കാന്തിക ഊർജ്ജം എന്നിങ്ങനെ ശാസ്ത്രം തരംതിരിക്കുന്നു. പ്രകാശം സെക്കന്റിൽ 1,86,282 മൈൽ വേഗത്തിൽ സഞ്ചരിക്കുന്നു. അത് നിശ്ചയമാണ്. സ്ഥിരമാണ്. അതൊരു തരംഗമായി കണക്കാക്കപ്പെടുന്നു. സ്വതന്ത്രമായി ചലിക്കുന്ന ഒരു കണികയെക്കുറിച്ചുള്ള പഠനം അല്ലെങ്കിൽ കണികാതരംഗങ്ങളുടെ പ്രതിഭാസം ആണിത്. ഇത് വർണ്ണനാതീതമാണ്. കാരണം ഇതിന്റെ ശക്തി അല്ലെങ്കിൽ ഉറവിടത്തിന്റെ ശക്തി അത്ര വലുതാണ്. കണികാ തരംഗപ്രതിഭാസത്തിന്റെ ആശയം അതിന്റെ വേഗതയും അതിന്റെ നിലനില്പും ഏത് ഉറവിടത്തിൽ നിന്നാണ് എടുക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിയില്ല.

പ്രകാശം ഒരു തരംഗമാണ്. ഇത് സെക്കന്റിൽ 186 282 മൈൽ വേഗത്തിൽ നീങ്ങുന്നു. ഈ തരംഗത്തിന് കണ്ണിന്റെ റെറ്റിനയിൽ പതിക്കാൻ കഴിയും. അപ്രകാരം സംഭവിക്കുമ്പോൾ അത് വസ്തുക്കളെ ഗോചരമാക്കുന്നു. അത് വസ്തുക്കളെ പ്രകാശിപ്പിക്കുന്നു. എല്ലാ നിറങ്ങളും പ്രകാശത്തെ ആശ്രയിച്ചിരിക്കുന്നു. വെളിച്ചമുള്ളയിടം നാം കാണുന്നു. വെളിച്ചമില്ലാത്തയിടം നാം കാണുന്നില്ല. ശക്തമായ ഊർജ്ജം നമ്മുടെ കണ്ണുകളിൽ തട്ടുമ്പോൾ നമുക്ക് കാണാൻ കഴിയുന്നു. പ്രകാശത്തെക്കുറിച്ച് ഈ രീതിയിൽ ചിന്തിക്കുമ്പോൾ നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിയും. ഇത് ദൈവപുത്രനായ യേശുക്രിസ്തുവിനെ നേരിട്ട് കാണിച്ചു തരുന്നു. അവനാണ് ആത്മീക ലോകത്തിലെ ദിവ്യ പ്രകാശം വസ്തുതകളെ അവിടുന്നു മനസ്സിലാക്കിത്തരും വെളിച്ചം പ്രത്യക്ഷപ്പെടുന്നതുവരെ ഇരുട്ട് ഉണ്ടായിരിക്കും. വെളിച്ചം സ്വയം പ്രകാശിക്കുന്നു. വെളിച്ചം പ്രകാശിക്കുന്നത് യഥാർത്ഥ വെളിച്ചമായ ക്രിസ്തുവിന്റെ സാരാംശത്തെ വെളിപ്പെടുത്തുവാനാണ്. 9-ാം വാക്യത്തിൽ നാം പഠിക്കുന്നത് ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു എന്നാണ്. രാത്രിയിൽ ഒരു അഗ്നിമേഘം, പകലിൽ ഒരു മേഘത്തണൽ ഇസ്രയേലിനെ വഴി നടത്തിയിരുന്നു എന്നാണ്. ആ പ്രകാശത്തേക്കാൾ പ്രഭ യേശുക്രിസ്തുവിന്റെ മുഖത്ത് വിളങ്ങുന്നു. അവൻ പിതാവിന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും ആണ്. എബ്രായൻ ഒന്ന്. സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ. ദേഹസഹിതനായി ദൈവത്വത്തിൽ വസിക്കുന്നവൻ. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തവൻ. ദൈവമഹത്വത്തെ വെളിപ്പെടുത്തിയത് അവനാണ്.

ഭാഷ്യം (തുടർച്ച)

# സങ്കീർത്തനങ്ങൾ–77

ഡോ.സി.വി.വടവന

**വാ. 19 നിന്റെ വഴി സമുദ്രത്തിലും നിന്റെ പാതകൾ പെരുവെള്ളത്തിലും ആയിരുന്നു; നിന്റെ കാൽച്ചുവടുകളെ അറിയാതെയുമിരുന്നു.** ദൈവത്തിന്റെ വഴികൾ സമുദ്രത്തിലും അവന്റെ പാതകൾ പെരുവെള്ളത്തിലും വെളിപ്പെട്ടു എന്ന് സങ്കീർത്തനക്കാരൻ പറയുമ്പോൾ പ്രകൃതിയിന്മേലുള്ള ദൈവത്തിന്റെ സർവ്വാധിപത്യത്തെ വിളിച്ച് പറയുകയാണ്. വീണ്ടെടുപ്പിൻ വേലയോടുള്ള ബന്ധത്തിൽ പ്രകൃതിയിൽ വെളിപ്പെട്ട ദൈവിക പരമാധികാരത്തെയാണ് പതിനാറു മുതൽ പതിനെട്ടുവരെയുള്ള വാക്യങ്ങളിൽ സങ്കീർത്തനക്കാരൻ ചിത്രീകരിക്കുന്നത്. ഇങ്ങനെ ദൈവം അത്ഭുങ്ങളുടെ ദൈവമാണെന്ന് ആസാഫ് ഗ്രഹിച്ചു. വെള്ളം, സമുദ്രം, ആകാശം, ഭൂമി ഇവ എല്ലാറ്റിനെയും നിയ ന്ത്രിച്ചു ഭരിക്കുന്ന സർവ്വശക്തനായ ദൈവത്തെ കൂടുതലായി ഗ്രഹിച്ചു. പരിശോധനകളിലും കഷ്ടങ്ങളിലും കൂടി ദൈവജനം കടന്നുപോകുമ്പോൾ ദൈവം ഇ തൊ ന്നും അറിയുന്നില്ലല്ലോ എന്ന് നം ചിലപ്പോൾ ചിന്തിച്ചെന്ന് വരാം. എന്നാൽ ദൈവം തക്കസമയത്ത് തന്റെ സഹായമയച്ച് നമ്മെ സമാധാനം കൊണ്ട് നിറയ്ക്കുമെന്ന് പിന്നീടുള്ള അനുഭവങ്ങളാൽ നാം ഗ്രഹിക്കും.

രാജ്യചരിത്രത്തിലും രാഷ്ട്രീയ മണ്ഡലത്തിലും ഉണ്ടാകുന്ന സംഭവങ്ങളും വ്യതിയാനങ്ങളും മാത്രമല്ല, പ്രകൃതിയിലുണ്ടാകുന്ന ചലനങ്ങളും ഭാവഭേദങ്ങളും ദൈവത്തിൽ നിന്നുള്ള രക്ഷയെ ഘോഷിക്കുന്നവയായിട്ടാണ് സങ്കീർത്തനക്കാരൻ കാണുന്നത്. കൊടുങ്കാറ്റിന്റെ മധ്യത്തിൽ ശാന്തത ഉണ്ടാക്കുന്നവനും ഓളം തല്ലിമറിയുന്ന സമുദ്രത്തിൽ തന്റെ ജനത്തിനുവേണ്ടി പാതയുണ്ടാക്കുന്നവനുമാണ്. 'വെള്ളങ്ങൾ അവനെ കണ്ട് ഭ്രമിച്ചു. ആഴികൾ വിറെച്ചുപോയി,' കാറ്റിനെയും കടലിനെയും ശാസിച്ചു. എന്നൊക്കെയാണ് ഭക്തകവിയുടെ ഭാഷാശൈലി. യൂദന്മാർ സമുദ്രത്തെ ഭയമുള്ള വർഗ്ഗമായിരുന്നെങ്കിലും, അവരുടെ ദൈവത്തിന്റെ പാതകൾ സമുദ്രത്തിലായിരുന്നതിനാൽ മോശയുടെയും അഹരോന്റെയും കീഴിൽ ദൈവജനം ഒരാട്ടിൻകൂട്ടം പോലെ കടൽ നടന്ന് കടന്നെന്നാണ് കവി പറയുന്നത്. അസാധ്യ കാര്യങ്ങൾ സാധിപ്പാൻ കഴിവുള്ള കർത്താവിനെയാണ് സങ്കീർത്തനക്കാരൻ കാണുന്നത്.

റവ. ടി. കെ. ജോർജ്ജ് ആദ്യമായി അറ്റ്ലാന്റിക് 'സങ്കീർത്തന ധ്യാനമാല' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നതിപ്രകാരമാണ്. നോർലാണ്ട് എന്നൊരു ചെറിയ ജർമ്മൻ ഫ്രെയിറ്റിലായിരുന്നു ഞാൻ യാത്ര ചെയ്തത്. ഞങ്ങൾ യാത്രക്കാരായി പന്ത്രണ്ട് ആളുകൾ മാത്രമേ അതിൽ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ക്യാപ്റ്റൻ വില്യമിന് ഞങ്ങളെ എല്ലാവരെയും അറിയുമായിരുന്നു. അന്ന് അറ്റ്ലാന്റിക്കിലുണ്ടായ ഒരു കൊടുങ്കാറ്റിൽ ആറേഴ് കപ്പലുകൾ മുങ്ങിയതായി വാർത്തയുണ്ടായിരുന്നു. കടൽ ചൊരുക്കുകൊണ്ട് തലപൊക്കാൻ കഴിവില്ലാതെ ഞാനെന്റെ കാബിനിൽ കിടക്കുകയായിരുന്നു. ക്യാപ്റ്റൻ ക്യാബിനിലെത്തി കളിപറഞ്ഞ് ചിരിച്ചുകൊണ്ട്, "മിസ്റ്റർ ജോർജ്ജ് ഒന്നും ഭയപ്പെടാനില്ല. നമുക്ക് കരയിൽ നിന്നു നാല് മൈലിന്റെ അകലമേയുള്ളൂ" എന്ന് പറഞ്ഞു. ഇതു കേട്ട് ഞാൻ എഴുന്നേറ്റ് ഡെക്കിൽ ചെന്ന് നിന്ന് കര കാണാൻ ആർത്തിയോടെ നോക്കി. പക്ഷെ അനന്തമായി നീണ്ടു കിടക്കുന്ന ആ സമുദ്രത്തിൽ അങ്ങിങ്ങായി ട്ടുയർന്ന് നില്ക്കുന്ന കുന്നിൻ നിരകൾപോലെ പൊങ്ങിനില്ക്കുന്ന ജലമലകളും അലച്ചുമറിയുന്ന തിരമാലകളുമല്ലാതെ മറ്റൊന്നിലും കണ്ണുകൾ ചെന്ന് പറ്റിയില്ല. ഞാൻ ക്യാപ്റ്റന്റെ അടുത്തെത്തി. 'കരയെവിടെ' സാർ എന്ന് ചോദിച്ചപ്പോൾ 'നാല് മൈൽ' എന്ന് പറഞ്ഞത് മുമ്പോട്ടല്ല, കീഴ്പ്പോട്ടാണ്, എന്നായിരുന്നു. അയാളുടെ ഫലിതോക്തി. അപ്പോഴാണ് ആ പെരുവെള്ളങ്ങളുടെ മധ്യത്തിൽ ഏറ്റവും ആഴമുള്ള ആഴിക്കുമീതെ അടയ്ക്കാത്തോടു പോലൊരു കപ്പലിലാണ് ഞാൻ നില്ക്കുന്നതെന്ന് ഓർത്ത് ഭയപ്പെട്ടത്. എങ്കിലും ഒരാ ണ്ടിൽ അനേകപ്രാവശ്യം ആ മഹാസമുദ്രം തരണം ചെയ്ത് പരിചയമുള്ള സമർത്ഥനായ ക്യാപ്റ്റൻ വില്യത്തിന്റെ മുഖത്തുണ്ടായിരുന്ന മന്ദഹാസവും ആത്മധൈര്യവും ഞങ്ങളെ ധൈര്യപ്പെടുത്തി. കടലിന്റെയും കരയുടെയും നാഥനും പെരുവെള്ളങ്ങളുടെ ആഴത്തിലും ആഴിക്ക്മീതെയും നടക്കുന്നവനും കൂടെയുണ്ടെങ്കിൽ പിന്നെ ഭക്തജനങ്ങൾക്ക് എന്താണ് ഭയപ്പെടാനുള്ളത്?.

**വാ. 20 മോശെയുടെയും അഹരോന്റെയും കൈയാൽ നീ നിന്റെ ജനത്തെ ഒരു ആട്ടിൻകൂട്ടത്തെപ്പോലെ നടത്തി.** ഇരുപതാം വാക്യം ഉപസംഹാരമാണ്. ദൈവം തന്റെ ജനത്തെ തെരഞ്ഞെടുക്കപ്പെട്ട തന്റെ ദാസന്മാർമൂലം നടത്തി. അവസാന വാചകം സംഖ്യ. 33:1 ന്റെ ഒരു പ്രതിധ്വനിയത്രെ. യിസ്രായേലിനെ മോശെയും അഹരോനും നടത്തിയതിലുപരിയായി വലിയവനായ ദൈവം യിസ്രായേലിന്റെ ശേഷിപ്പിനെ വരുന്ന നാളിൽ നടത്തും. സംശയങ്ങളും ചോദ്യങ്ങളും കൊണ്ട് ആരംഭിച്ച സങ്കീർത്തനം ദൈവകൃപയുടെ അത്യന്തവ്യാപാരങ്ങളുടെ പൂർവ്വകാലധ്യാനം മുഖാന്തരം ആശ്രയത്തിലും പ്രത്യാശയിലും സമാപിക്കുന്നു. കഴിഞ്ഞകാലത്തെ ദൈവത്തിന്റെ വിശ്വസ്തത ഭാവിയെ സുരക്ഷിതമാക്കിത്തീർക്കുന്നു, എന്നതിൽ നമുക്ക് ധൈര്യവും ജയവും നേടാം (എ. എം. ശമുവേൽ).

ഒരിക്കൽ മോശെയുടെയും അഹരോന്റെയും ക യ്യാൽ ദൈവം ആട്ടിൻകൂട്ടമായ യിസ്രായേലിനെ മരുഭൂമിയിൽകൂടെ നടത്തിയതിലുപരിയായി ദൈവപുത്രൻ യിസ്രായേലിന്റെ ശേഷിപ്പിനെ സൗഭാഗ്യത്തിലേക്ക് നടത്തുന്നതാണെന്ന് നാം പ്രവചനത്തിന്റെ വെളിച്ചത്തിൽ ഗ്രഹിക്കുന്നു. ആസാഫ് പൂർവ്വകാലത്തെ ഓർക്കുമ്പോൾ മിസ്രയീമിന്റെ ബന്ധനത്തിൽ നിന്നും ദൈവം ജനത്തെ വിടുവിച്ച ചരിത്രമാണ് ഒരിക്കലും മാഞ്ഞുപോകാത്ത വാസ്തവമായി ശേഷിക്കുന്നത്. അക്കാര്യം പറഞ്ഞുകൊണ്ടാണ് തനിക്ക് ഭാവിയെ നോക്കി പ്രത്യാശിക്കാൻ വക കാണുന്നത്.

---

# യിസ്രായേൽ ഗൃഹം പണിതരണ്ടു സഹോദരിമാർ

ലേഖനം




എൽസി ബേബി

അപ്പത്തിന്റെ ഭവനമായ ബെത്ലെഹേം പട്ടണ വാതിക്കലായിരുന്ന സകല ജനവും മൂപ്പന്മാരും പറഞ്ഞ സാക്ഷ്യമാണ് മേലുദ്ധരിച്ചിരിക്കുന്നത്. അതിനുണ്ടായ സാഹചര്യം മോവാസ്യ സ്ത്രീയായ റൂത്ത് യഹൂദ സ്ത്രീയോടൊപ്പം നോവോമിയോടൊപ്പം വെറും കൈയ്യോടെ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൽ കീഴിൽ മാത്രം ആശ്രയിച്ചു വന്ന രൂത്ത്, ബോവസ് എന്ന ധനവാന്റെ വയലിൽ കതിർ പെറുക്കി തന്റെ വിധവയും, വാർദ്ധകൃത്തിലെത്തിയവളുമായ അമ്മായിയമ്മ അനുസരിച്ചും, സ്നേഹിച്ചും പരിപാലിച്ചതിന്റെ ഫലമായി ദൈവം അവളെ സോവസിന്റെ ഭാര്യയായി ഉയർത്തി അവൾക്കു നല്കിയ പൈതലിനെ നവോമി കയ്യിലെടുത്തു സന്തോഷിച്ച കഥ നമുക്കറിയാമല്ലൊ. ധനികനായ ബോവസ് ആരും ഗണിക്കാതെ, പുറ ജാതിയായ മോവാസ്യ സ്ത്രീയായ രുത്തിനെ വീണ്ടെടുത്തു തന്റെ ഭാര്യയായി സ്വീകരിച്ചപ്പോൾ പട്ടണവാസിക്കും അവരെ അനുഗ്രഹിച്ച വാക്കുകളാണ് Ruth:4:10.11 ൽ നാം കാണുന്നത്. "നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ-രൂത്തിനെ-യഹോവ റാഹേലിനെപ്പോലെയും, ലേയയേപ്പോലെയും ആക്കട്ടെ. അവർക്കിരുവർക്കൊപ്പം യിസ്രായേൽ ഗൃഹം പണിതത്." എത്ര നല്ല സാക്ഷ്യം! എത്ര നല്ല അനുഗ്രഹം! അനുഗ്രഹിക്കപ്പെട്ട യിസ്രായേൽ ഗൃഹം പണിത ഈ സഹോദരിമാരേക്കുറിച്ചു പഠിക്കുന്നത് നമുക്കും അനുഗ്രഹകരമായിരിക്കും. മെസൊപ്പൊത്താമ്യയിലെ ഒരു ഗ്രാമമായ പാദൻ-ആരാമിൽ പാത്തിരുന്ന ബെഥുവേലിന്റെ മകനായ ലാബാന്റെ രണ്ടു പുത്രിമാരാണ് ലോയായും റാഹേലും അസ്രഹായിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ യാക്കോബിന്റെ രണ്ടു ഭാര്യമാർ. മൂത്തവളായ ലേയായുടെ കണ്ണു ശോദകുറഞ്ഞതും ഇളയവളായ റാഹേൽ സുന്ദരിയും, മനോഹര രൂചിത്തിലുമായിരുന്നു. ലേയാ വീട്ടിലെ ജോലികളൊക്കെ ചെയ്യുമ്പോൾ റാഹേൽ അപ്പന്റെ ആടുകളെ മേയ്ക്കാൻ പുറത്തു പോകുവായിരുന്നു. യാക്കോബ് തന്റെ ജ്യേഷ്ഠനേയും, അപ്പനേയും പറ്റിച്ച് ഉപായത്താൽ ജ്യേഷ്ഠാവകാശവും അപ്പന്റെ അനുഗ്രഹങ്ങളും കൈവശമാക്കി ഏശാവിനെ ഭയന്ന്, മാതാപിതാക്കളുടെ നിർദ്ദേശപ്രകാരം ബേർശേബയിൽ നിന്നും യാത്ര ചെയ്തു പാദൻ-അരാമിലെത്തി റാഹേലിനെ കണ്ടമാത്രയിൽ അവളിൽ അനുരാഗം പൂണ്ടു. അവളെ ഭാര്യയാക്കാൻ ആഗ്രഹിക്കയും അവരുടെ പിതാവ് ആദ്യം ഉപായത്താൽ ലേയയെ ഭാര്യയായി നല്കും. പിന്നീട് റാഹേലിനെ ഭാര്യയായും നല്കിയ കഥനമുക്കറിയാമല്ലിറിയാമല്ലോ. അങ്ങനെ യാക്കോബു തന്റെ രണ്ടു ഭാര്യമാരുമായി 20 വർഷത്തോളം പാദൻ അരാമിൽ താമസിച്ചു അമ്മായപ്പനെ സേവിച്ചു മഹാസമ്പത്തായി പന്ത്രണ്ടു മക്കളുമായി കനാനിലെത്തി അവരിൽ നിന്നും ഉരുവിച്ച ഗൃഹമാണല്ലൊ യിസ്രായേൽ ഗൃഹം. ഈ രണ്ടു ഭാര്യമാരേക്കുറിച്ച് ചില പാഠങ്ങളുനമുക്കു നോക്കി. ലേയാക്കു സൗന്ദര്യം കുറവായതിനാൽ അവളെ അനിഷ്ഠയായും, സുന്ദരിയായ റാഹേലിനെ ഇഷ്ഠയായും കരുതിയതിന്റെ ഫലമായി ആ കുടുംബത്തിലുണ്ടായ ഭിന്നതർക്കങ്ങളും വഴക്കുകളും പിണക്കങ്ങളും മറ്റും ചില്ലറയയായിരുന്നില്ല. ലേയാ അനിഷ്ട എന്നു കണ്ടപ്പോൾ. അവളുടെ ദുഃഖം കണ്ടു യഹോവ അവളുടെ ഗദം തുറന്ന് അവൾക്ക് മക്കളെ നല്കിയപ്പോൾ സുന്ദരിയായ റാഹേൽ മക്കളില്ലാതെ ദുഃഖിക്കേണ്ടി വന്നു എന്നു മാത്രമല്ല സഹോദരിയോടു അസൂയപ്പെട്ടു, യാക്കോബിനോടു മകൾക്കു വേണ്ടി വഴക്കിട്ടവൾ! ദൈവത്തോട് അപേക്ഷിച്ചു താഴ്ന്നതിനു പകരം അവളുടെ അഹങ്കാരം മൂത്ത്, അസൂയ നിറഞ്ഞു യാതൊരു സന്തോഷമൊ സമാധാനമില്ലാത്ത ജീവിതം! അതേസമയം താഴ്ച്ചയോടും വിനയത്തോടും തകർന്ന ഹൃദയത്തോടും കൂടെ യഹോവയിൽ ആശ്രയിച്ചു കഴിഞ്ഞ ലേയയെ ദൈവം പുത്രസമ്പത്തു നല്കിയനുഗ്രഹിച്ചു പ്രിയമുള്ളവരെ ഈ ലോകത്തിൽ നമുക്ക് എന്തൊക്കെയുണ്ടായാലും സമാധാനമില്ലാത്ത ആ ഒരു ജീവിതത്തേക്കാൾ ഒന്നുമില്ലതെ ദിവ്യസമാധാനത്തോടെ ജീവിക്കുന്നതല്ലെ ധന്യമായ ജീവിതം! താഴ്ച്ചയും, യഹോവാഭക്തിക്കുമുള്ള പ്രതിഫലം, ധനവും, മാനവും, ജീവനുമാകുന്നു സദൃ:22:4. എന്നോർക്കുക. അതുപോലെതന്നെ "കലഹത്തോടു കൂടിയ ഒരു വിട്ടു നിറയെ യാഗഭോജനത്തിലും സ്വസ്ഥതതയോടുകൂടിയ ഒരു ക്ഷണം സദൃ:17:1.ഉണങ്ങിയ അപ്പം ഏറ്റവും നല്ലത്!

(തുടരും....)

# ദൈവീക നന്മയും ദശാംശവും



ജോസഫ് രാജു

**ദരിദ്രരും ദരിദ്രരും**

**"ഈ** ലോകത്തിലെ വസ്തുക്കൾ ആർക്കുണ്ട്, തന്റെ സഹോദരന് ആവശ്യമുണ്ടെന്ന് കണ്ടിട്ട്, അവനിൽ നിന്ന് കരുണയുടെ ഹൃദയം അടയ്ക്കുമ്പോൾ, അവനിൽ ദൈവസ്നേഹം എങ്ങനെ വസിക്കുന്നു?"
യോഹന്നാൻ 3:17

ഈ ലോകത്തിലെ വസ്തുവകകൾ ഉള്ളവനും, തന്റെ സഹോദരന് ആവശ്യമുണ്ടെന്ന് കണ്ടിട്ട്, അവനിൽ നിന്ന് മനസ്സലിവ് അടക്കിവെക്കുന്നവനുമായ ദൈവ സ്നേഹം എങ്ങനെ വസിക്കും?"
യോഹന്നാൻ 3:17

യോഹന്നാൻ അപ്പോസ്തലന്റെ ഹൃദയത്തിൽ നിന്നുള്ള ഈ ചോദ്യം ഓരോ വിശ്വാസിയെയും ബോധ്യപ്പെടുത്തേണ്ടതാണ്. ഇന്നത്തെ നമ്മുടെ സമ്മേളനങ്ങളിൽ, അസാധാരണമാംവിധം ധനികരും വളരെ ദരിദ്രരുമായ ആളുകളുണ്ട്, മിക്കപ്പോഴും നമ്മുടെ പ്രവണത. "സഹോദരാ, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും"എന്നും "കർത്താവ് നിങ്ങളെ സഹായിക്കുമെന്ന് എനിക്കറിയാം" എന്നും പറയുന്നതാണ്. ഈ വാക്യത്തിൽ, അപ്പോസ്തലനായ യോഹന്നാൻ ആ വിശ്വാസിയിൽ ദൈവസ്നേഹം എങ്ങനെ വസിക്കുന്നു എന്ന് ആശ്ചര്യപ്പെടുന്നു. ദൈവസ്നേഹം എന്താണ്? നിത്യനും പരിശുദ്ധനുമായ ദൈവം നിസ്സഹായരും നിരാശരുമായ മനുഷ്യവർഗത്തെ കണ്ടു. അനുകമ്പയോടെ നീങ്ങി, സ്വർഗ്ഗത്തിന്റെ മഹത്വങ്ങൾ ഉപേക്ഷിച്ചു. ഈ ലോകത്തിലേക്ക് വന്നു. സ്വർഗ്ഗത്തിൽ എത്തിയ എല്ലാവരും പോയി, ദരിദ്രരായ മനുഷ്യവർഗത്തിനുവേണ്ടി മരിച്ചു. അവന്റെ പാപത്തിൽ നിന്ന് അവനെ രക്ഷിക്കാൻ, "അവനെ തന്റെ സ്വന്തം വലതുവശത്ത് ഇരുത്തി.

അപ്പൊസ്തലനായ യാക്കോബ് തന്റെ ലേഖനത്തിൽ നമ്മെ ഉപദേശിക്കുന്നു. "ഒരു സഹോദരനോ സഹോദരിയോ നഗ്നരായി, ദൈനംദിന ഭക്ഷണമില്ലാതെ, നിങ്ങളിൽ ഒരാൾ അവരോട്, സമാധാനത്തോടെ പോകൂ, ചൂടാകു, തൃപ്തരാകു. ശരീരത്തിന് ആവശ്യമുള്ളത് നിങ്ങൾ അവർക്ക് നൽകുന്നില്ലെങ്കിൽ; അതുകൊണ്ട് എന്ത് പ്രയോജനം? (യാക്കോബ് 2:15-16). നമ്മുടെ സ്വന്തം സമ്മേളനങ്ങളിൽ ഇത് എത്ര തവണ സംഭവിക്കുന്നു? ഭക്ഷണത്തിനായി വിശക്കുന്ന, ശരിയായ വസ്ത്രങ്ങളില്ലാതെ, കുട്ടികളെ പഠിപ്പിക്കാൻ പാടുപെടുന്ന, ചോർന്നൊലിക്കുന്ന മേൽക്കൂര നന്നാക്കാൻ പാടുപെടുന്ന വളരെ ദരിദ്രരായ വിശ്വാസികൾ. നമ്മളിൽ പലരും ഈ അവസ്ഥയിലായിരുന്ന ഒരു കാലമുണ്ടായിരുന്നു ഇന്ന്, ദൈവം നമ്മിൽ മിക്കവരെയും വളരെയധികം അനുഗ്രഹിച്ചിട്ടുണ്ട്. ദരിദ്രരുടെയും ആവശ്യങ്ങൾക്കായി നമുക്ക് എളുപ്പത്തിൽ ഒരു ചെറിയ തുക മാറ്റിവെക്കാൻ കഴിയുന്ന തരത്തിൽ അവൻ നമ്മെ വളരെയധികം വിഭവങ്ങൾ നൽകിയിട്ടുണ്ട്. നമ്മളിൽ ദരിദ്രരായ വിശ്വാസികളോടുള്ള ദൈവസ്നേഹം നമ്മിൽ വസിക്കുന്നുണ്ടെന്ന് ഇങ്ങനെയാണ് നാം പ്രകടമാക്കുന്നത്. പ്രവൃത്തിയിലൂടെ നമ്മുടെ വിശ്വാസം പ്രകടമാക്കുന്നത് ഇങ്ങനെയാണ്.

കർത്താവിന്റെ കല്പന അനുസരിച്ചുകൊണ്ട്, ഇന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ 3,000 ത്തിലധികം സുവിശേഷകരും അവരുടെ കുടുംബങ്ങളും അവനെ സേവിക്കുന്നു. പ്രാദേശിക അസംബ്ലികൾ അവരെ പ്രശംസിക്കുന്നുണ്ടെങ്കിലും, പല അസംബ്ലികൾക്കും ഈ സുവിശേഷകരുടെയും അവരുടെ കുടുംബലുടെയും എല്ലാ ആവശ്യങ്ങളും പൂർണ്ണമായി നിറവേറ്റാൻ കഴിയുന്നില്ല. ഇക്കാരണത്താൽ, പല സുവിശേഷകരും തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാനും ആരോഗ്യ സംരക്ഷണം ഉൾപ്പെടെ കുടുംബത്തിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റാനും പാടുപെടുന്നു. അമിതമായ ചികിത്സാ ചെലവുകൾ കാരണം സുവിശേഷകരും അവരുടെ കുടുംബങ്ങളും ചികിത്സ മാറ്റിവയ്ക്കുന്നുണ്ടെന്ന് നമുക്കറിയാം. വടക്കേ ഇന്ത്യയിൽ സേവനമനുഷ്ഠിക്കുന്ന മിക്ക സുവിശേഷകരും ചെലവേറിയ വാടക സ്ഥലങ്ങളിലാണ് താമസിക്കുന്നത്, പലപ്പോഴും അവരുടെ പ്രതിമാസ ബാധ്യതകൾ നിറവേറ്റാൻ പ്രയാസമാണ്. ഗതാഗതം ഞങ്ങൾക്ക് ഒരു കൈത്താങ്ങാകുന്ന മറ്റൊരു മേഖലയാണ്. ചിലർക്ക്, ഒരു ഇരുചക്ര വാഹനം മതിയാകും. ചില സന്ദർഭങ്ങളിൽ, അവരുടെ വ്യർത്ഥമായ ശുശ്രൂഷകളുടെ വ്യാപ്തി കാരണം ഒരു ഫോർ വീലർ വലിയ സഹായമായിരിക്കും.

അതിനാൽ, ലോകമെമ്പാടുമുള്ള സഹോദരങ്ങൾ നിങ്ങളുടെ സംഭാവനയുടെ ഒരു ഭാഗം ഇന്ത്യയിലെ സുവിശേഷ പ്രവർത്തനത്തെ സഹായിക്കുന്നതിന് മാറ്റിവയ്ക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. യുഎസ്എയിലും കാനഡയിലും ഉള്ളവർ, നിങ്ങൾക്ക് എങ്ങനെ സഹായിക്കാമെന്ന് അറിയാൻ ദയവായി ഞങ്ങളെ ബന്ധപ്പെടുക. ഗൾഫ്, അറേബ്യൻ രാജ്യങ്ങളിലെവർക്ക്, ഇന്ത്യയിലെ ശുശ്രൂഷകളിലേക്ക് നിങ്ങളുടെ സംഭാവനകൾ നേരിട്ട് അയയ്ക്കാം. അവർ ഞങ്ങളുടെ പിന്തുണയും പ്രാർത്ഥനയും അർഹിക്കുന്നു. ഞങ്ങളല്ലെങ്കിൽ, ആരാണ് അവരെ സഹായിക്കുക? "ദരിദ്രരുടെ നിലവിളിയിൽ ചെവി അടക്കുന്നവൻ സ്വയം നിലവിളിക്കും, പക്ഷേ കേൾക്കില്ല." സദൃശവാക്യങ്ങൾ 21:13

നിങ്ങൾക്ക് അറിയാവുന്നതുപോലെ, ഇന്ത്യയിലെ വിശ്വാസികൾ ഇപ്പോൾ കടുത്ത പീഡനത്തിലൂടെ കടന്നുപോകുന്നു. നമ്മുടെ വിശ്വാസികളിൽ ചിലർ ഇപ്പോൾ ജയിലിലാണ്. വ്യാജ ആരോപണങ്ങൾ ചുമത്തി. ചിലരെ മർദിക്കുകയും ദുരുപയോഗം ചെയ്യുകയും ചെയ്തു. അവരുടെ ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, അവർ മുമ്പത്തേക്കാൾ ശക്തരും സുവിശേഷത്തിനായി കൂടുതൽ പ്രതിബദ്ധതയുള്ളവരുമാണ്. നമുക്ക് അവരോടൊപ്പം നിൽക്കാം, അവർക്കുവേണ്ടി പ്രാർത്ഥിക്കാം.



# ദാനിയേൽ പ്രവചനം

(തുടർച്ച)

ഡോ.സണ്ണി എഴുമറ്റൂർ

**പഴയനിയമ വിശുദ്ധന്മാരുടെ ഉയിർപ്പും ന്യായവിധിയും**

**ഇസ്രായേലിന്റെ ന്യായവിധി മത്തായി 25:1-30**
**പത്ത് കന്യകമാർ മത്തായി 25:1-13**

പ്രവചനപരമായി ഇസ്രായേലിനോട് ബന്ധപ്പെട്ട തന്റെ വെളിപ്പാടിന്റെ കാലക്രമ സംഗ്രഹം കർത്താവ് നല്കുന്നു. തന്റെ മടങ്ങിവരവിനെ കുറിച്ച് താൻ പഠിപ്പിച്ചു (24:30). ഇസ്രായേൽ ജാതി അവരുടെ ദേശത്തിലേക്ക് തിരിച്ചെത്തുന്നത് (വാക്യം. 31), ദേശം ന്യായവിധിക്ക് കീഴിൽ ആകുന്നത് (25:1-30) ക്രിസ്തു രണ്ട് ഉപമകൾ പറയുന്നുണ്ട് കൂടിച്ചേരുന്ന ഇസ്രായേലിൽ രക്ഷിക്കപ്പെട്ടവരെയും രക്ഷിക്കപ്പെടാത്തവരെയും തിരിച്ചറിയുന്നതിനോട് ബന്ധപ്പെട്ട്. ഈ ന്യായ വിധിയുടെ ഉദ്ദേശ്യം തന്റെ രണ്ടാം വരവിന് ശേഷം സ്ഥാപിക്കപ്പെടുന്ന തന്റെ രാജ്യത്തിൽ രക്ഷിക്കപ്പെടാത്തവരെ ഒഴിവാക്കുവാനും. രക്ഷിക്കപ്പെട്ടവരെ ഉൾപ്പെടുത്തുവാനുമാണ്.

അതിൽ ഒന്നാമത്തെ ഉപമ 10 കന്യമകാരുടെതാണ് (1-13). അപ്പൊസ്തലനായ പൗലൊസ് കന്യക എന്നതുകൊണ്ട് സഭയെ കുറിക്കുന്നു (2 കൊരി. 11:2). എന്നാൽ യെഹൂദപശ്ചാത്തലത്തിൽ ഇത് സഭയെ അല്ല കാണിക്കുന്നത്. അവന്റെ മടങ്ങിവരവ് സഹസ്രാബ്ദ വാഴ്ചയിലേക്ക് ആളുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് ഒരുങ്ങുന്നതിനുള്ള ഒരവസരം ലഭിക്കുന്നു, ഒരുങ്ങുന്നവൻ മാത്രമാണ് സ്വീകരിക്കപ്പെടുന്നത്. ഒരുങ്ങാത്ത് ഇത് 24-ാം സങ്കീർത്തനത്തിൽ വളരെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. അതിൽ തീർത്ഥാടകർ യെരുശലേമിലേക്ക് ഉത്സവത്തിനായി എത്തുന്നതാണ് പറഞ്ഞിരിക്കുന്നത്. പട്ടണത്തിലേക്കു പ്രവേശിക്കുന്നവർക്ക് തങ്ങളുടെ മശിഹയെ കാണാം എന്ന പ്രത്യാശയാണ് അങ്ങനെ തന്റെ രാജ്യത്തിലേക്ക് അവരെ സ്വാഗതം ചെയ്യുന്നു. അവർ പ്രവേശിക്കുമ്പോൾ ചിലർ ചോദിക്കുന്നു യഹോവയുടെ പർവ്വതത്തിൽ ആർ കയറും, അവന്റെ വിശുദ്ധസ്ഥലത്ത് ആർ നില്ക്കും? (വാക്യം 3) മശിഹായുടെ രാജ്യത്തിലേക്ക് ആർ സ്വീകാര്യനാകും? മറ്റുള്ളവർ അതിന് ഉത്തരം കൊടുക്കുന്നു "വെടിപ്പുള്ള കയ്യും നിർമ്മല ഹൃദയവുമുള്ളവൻ, വ്യാജത്തിന് മനസ്സുവെക്കാതെയും കള്ള സത്യം ചെയ്യാതെയും ഇരിക്കുന്നവൻ" (വാ. 4) ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും (മത്താ. 5:8).

**ജാതികളുടെ ന്യായവിധി മത്തായി 25:31-46**

ക്രിസ്തു തന്റെ പ്രഭാഷണം അവസാനിപ്പിക്കുന്നത് അവന്റെ സഹസ്രാബ്ദ വാഴ്ചയുടെ സ്ഥാപനത്തിനുമുഖാന്തരമായ പ്രവചനിക സംഭവങ്ങളെ ഉദ്ധരിച്ചു കൊണ്ടാണ് തന്റെ രാജ്യത്തിൽ ഏത് ജാതികൾ സ്വീകരിക്കപ്പെടും, ആരൊക്കെ തിരസ്കരിക്കപ്പെട്ടും എന്നതിന്റെ അടിസ്ഥാനത്തിലാണ് ജാതിയ രാജ്യങ്ങൾക്ക് ന്യായവിധി.

ചെമ്മരിയാടുകളുടെയും കോലാട്ടുകളുടെയും ന്യായവിധിയെ കർത്താവ് വെളിപ്പെടുത്തുന്നുണ്ട്. ക്രിസ്തു രണ്ടാമത് വരുമ്പോൾ സ്വർഗ്ഗീയ മഹത്വത്തോടെ താൻ സിംഹാസനസ്ഥനാകും (വാക്യം 31). അവൻ ദാവീദിന്റെ സിംഹാസനത്തിലിരിക്കും (2 ശമു. 7:16; ലൂക്കോ. 1:32-33) മശിഹാ ദാവിദിന്റെ സിംഹാസനത്തിലിരിക്കയാൽ, ജാതിയ രാജ്യങ്ങളിൽ രക്ഷിക്കപ്പെട്ടവരെയും രക്ഷിക്കപ്പെടാത്തവരെയും വേർതിരിക്കേണ്ടത് അനിവാര്യമാണ്. അതിനാൽ ഇസ്രായേലിനെ ന്യായം വിധിച്ച ശേഷം "എല്ലാ രാജ്യങ്ങളും അവന്റെ മുമ്പിൽ ഒത്തു ചേരും" (മത്താ. 25:32). ഇത് രാജ്യങ്ങളുടെമേലുള്ള ന്യായവിധിയല്ല മറിച്ച് രാഷ്ട്രങ്ങളിലെ വ്യക്തികളുടെ മേലുള്ള ന്യായവിധിയാണെന്ന് ഉപസംഹരിക്കണം.

ജാതികൾ ക്രിസ്തുവിന്റെ മുമ്പിൽ നില്ക്കുമ്പോൾ അവരെ രണ്ട് കൂട്ടങ്ങളായി വേർതിരിക്കും. ഒരു വാക്കുപോലും ഉച്ചരിക്കാതെ ഒരു കൂട്ടരെ "ചെമ്മരിയാടുകൾ" എന്നു വിളിക്കും, തന്റെ വലത്ത് വശത്ത് അവരെ നിർത്തും തന്റെ ഇടത്ത് വശത്ത് നില്ക്കുന്നവരെ "കോലാടുകൾ" എന്നും വിളിക്കും. വലത്തു വശത്തുള്ള ചെമ്മരിയാടുകളോട് കർത്താവ് 'വരുവിൻ' എന്നു പറയും, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവിൻ" (വാക്യം 34) അവർ സ്വീകരിക്കപ്പെടും (വാക്യങ്ങൾ 35-36). എന്നാൽ നീതിമാന്മാർ എന്ന് വിളിക്കപ്പെടുന്ന ചെമ്മരിയാടുകൾ (വാക്യം 37) കർത്താവേ നിന്നെ ഞങ്ങൾ കണ്ടിട്ടുപോലുമില്ല എന്ന് ചോദിക്കും. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശനത്തിന് അവർ എന്താണ് ചെയ്തത്? ക്രിസ്തു വിവരിക്കും, "എന്റെ ഈ ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു (വാക്യം 40) ഈ സഹോദരങ്ങൾ എന്നതുകൊണ്ട് മൂന്നാമത് ഒരു ഗ്രൂപ്പ് അവിടെ ഉണ്ട് "എന്നത് സ്പഷ്ടമാണ്. ക്രിസ്തുവിന്റെ സഹോദരങ്ങൾ എന്ന പദപ്രയോഗം കൊണ്ട് മനസ്സിലാക്കാവുന്നത് അത് ഇസ്രായേൽ രാഷ്ട്രം എന്നാണ്, അല്ലങ്കിൽ വെളിപ്പാട് 7-ാം അദ്ധ്യായത്തിൽ മഹാപീഡനകാലത്ത് തന്റെ സാക്ഷ്യം വഹിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട 144000 ആളുകളാകാം. ഈ 144000 മൃഗത്താൽ കൊല്ലപ്പെടുന്നവരാണ്. അവർ മൃഗത്തിന്റെ മുദ്ര വഹിക്കുവാൻ വിസ്സമ്മതിക്കും അതിനാൽ അവർക്ക് വില്ക്കുവാനും വാങ്ങുവാനും കഴികയില്ല. തന്നിമിത്തം അവർ ഭക്ഷണത്തിനും ജീവന ത്തിനുമായി മറ്റു ചിലരെ ആശ്രയിക്കേണ്ടിവരും.

# പ്രത്യാശ തീരത്ത്

## സിസ്റ്റർ മേരി തോമസ്




**കടവന്ത്ര:** സൗത്ത് ബ്രദറൺ അസംബ്ലി അംഗം പരേതനായ ഇ. എം. തോമസിന്റെ ഭാര്യ സിസ്റ്റർ മേരി തോമസ് (91) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ഫെബ്രുവരി 5 ന് എറണാകുളം സൗത്ത് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തി ൽ ശുശ്രൂഷ സംസ്കരിച്ചു.
**മക്കൾ:** സിസ്റ്റർ സിസ്സി ജോൺസൺ & ബ്രദർ ജോൺസൺ റോയ്, സിസ്റ്റർ സുജ അബേസ് & ബ്രദർ അബേസ് പി. ജോർജ്, ബ്രദർ സുനിൽ മാത്യു തോമസ് & സിസ്റ്റർ ജെനി സുനിൽ.

## സിസ്റ്റർ മറിയാമ്മ




**നെല്ലിക്കുന്ന്:** പുളിക്കൽ പരേതനായ ബ്രദർ ജേക്കബ് ഭാര്യ സിസ്റ്റർ മറിയാമ്മ (97) 20 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം 21 ന് നെല്ലിക്കു ന്ന് സിയോൺ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** സിസ്റ്റർ മേരിക്കുട്ടി, സിസ്റ്റർ കുഞ്ഞുമോൾ, സിസ്റ്റർ ചിന്നമ്മ, ബ്രദർ ബിജോയ്, സിസ്റ്റർ വത്സമ്മ, ബ്രദർ വിൽസൻ, ബ്രദർ കൊച്ചുകുഞ്ഞ്, ബ്രദർ പോൾ, സിസ്റ്റർ ലീലാമ്മ, ബ്രദർ ജോണി, സിസ്റ്റർ ജെസ്സി.

## സിസ്റ്റർ കുഞ്ഞമ്മ ഏബ്രഹാം




**ആയൂർ:** അനുഗ്രഹീത സുവിശേഷകനും സംഗീതജ്ഞനും ആയ ഡോ. ബ്ലസൻ മേമനയുടെയും, മിഷണറി പാസ്റ്റർ ജോൺസൺ മേമനയുടേയും മാതാവ് സിസ്റ്റർ കുഞ്ഞമ്മ ഏബ്രഹാം (78) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സിസ്റ്റർ കുഞ്ഞമ്മ ഏബ്രഹാം 63 വർഷം കർതൃവേലയിൽ ഐ. പി. സി. അടൂർ സെന്ററിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൊട്ടാരക്കര സോണൽ സോദരി സമാജം, വേങ്ങൂർ സെന്റർ സോദരി സമാജത്തിലും പ്രസിഡന്റ് ആയിരുന്നു. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 15 ന് വേങ്ങൂർ ഐ. പി. സി. ബെഥേൽ ചർച്ചിന്റെ നേതൃത്വത്തിൽ ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ വെച്ച് നടത്തി.
**മക്കൾ:** സുവി ഡോ. ബ്ലസൻ, ബ്രദർ ജോൺസൺ, ബ്രദർ ജോസ്, ഡോ. ജെയിംസ്, പാസ്റ്റർ സ്റ്റീഫൻ, സിസ്റ്റർ മേഴ്സി.

## ബ്രദർ കെ. സി. സാം



**മല്ലശ്ശേരി:** മല്ലശ്ശേരി ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ കെ. സി. സാം (92) ഫെബ്രുവരി 4 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

## ബ്രദർ ഫ്രാൻസിസ് പിന്റോ



**മഹാരാഷ്ട്ര:** സ്വാന്ത്വാഡി ബ്രദറൺ മണ്ഡലിയുടെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ ഫ്രാൻസിസ് പിന്റോ (66) ഫെബ്രുവരി 19 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ഫെബ്രുവരി 20 ന് സ്വാന്ത്വാഡി സംസ്കരിച്ചു.
ഭാര്യ: സിസ്റ്റർ സിൽവിയ പിന്റോ
**മക്കൾ:** ബ്രദർ സബാസ്റ്റിൻ പിന്റോ & സിസ്റ്റർ നേത്ര, സിസ്റ്റർ സാറ & ബ്രദർ എഫ്രേം റോഡ്രിഗസ്.

## സിസ്റ്റർ അന്നമ്മ ഫിലിപ്പ്



**മൈലപ്ര:** ലേക്ക്‌ലാൻഡ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ തോമസ് ഫിലിപ്പിന്റെ ഭാര്യ സിസ്റ്റർ അന്നമ്മ ഫിലിപ്പ് (91) ഫെബ്രുവരി 11 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 22 ന് ഓക്ക് ഹിൽ സെമിത്തേരി 4320 US Hwy 98 South ലേക്ക്‌ലാൻഡ് FL 33812 വെച്ച് നടത്തി.
**മക്കൾ:** സിസ്റ്റർ അന്നമ്മ & ബ്രദർ ജെയിംസ് ജോൺസൺ, ബ്രദർ രാജു ഫിലിപ്പ് & സിസ്റ്റർ ലീലാമ്മ രാജു, ബ്രദർ വർഗീസ് ഫി ലിപ്പ് & സിസ്റ്റർ ജോയ്സ് വർഗീസ്.

## ബ്രദർ സണ്ണി മോസസ്



**മലപ്പുറം:** വള്ളിക്കാട് ബ്രദറൺ അസംബ്ലി അംഗവും ദോഹ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗവുമായ ബ്രദർ സണ്ണി മോസ്സ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശ വസംസ്കാര ശുശ്രൂഷ വള്ളിക്കാട് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ ലവ്‌ലി.

## ബ്രദർ തോമസ് ജോർജ്



**റാന്നി:** സിയോൺ കുന്ന് അസംബ്ലി/സൗത്ത് ഫ്ലോറിഡയിലെ ബിലീവേഴ്സ് അസംബ്ലിയുടെ മുൻ മൂപ്പൻ, ഡേവിടാമ്പയിലെ ലാൻ ഡ് ഓ ലേക്സ് ബൈബിൾ ചാപ്പലുമായി സഹകരിച്ച് ബ്രദർ തോ മസ് ജോർജ് (69) ഫെബ്രുവരി 7 ന് കർത്തൃസന്നിധിയിൽ ചേർ ക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂ ഷ ഫെബ്രുവരി 17 ന് സെൻട്രൽ ബൈബിൾ ചാപ്പൽ സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ ഫിൽസി ജോർജ്
**മക്കൾ:** സിസ്റ്റർ സ്റ്റെഫാനി & ബ്രദർ ജെൻസൺ തോമസ്, സിസ്റ്റർ ലെസ്ലി & ബ്രദർ ഫിലിപ്പ് ചെറിയാൻ, സിസ്റ്റർ ബ്രിറ്റ്നി & ബ്രദർ സാം തോമസ്, ബ്രദർ ജോഷ & സിസ്റ്റർ പ്രിസില്ല ജോർജ്.

## സിസ്റ്റർ അന്നമ്മ തോമസ്



**ആനിക്കാട്:** ആനിക്കാട് ക്രിസ്ത്യൻ ബ്രദറൺ ചർച്ച് അംഗം ബ്രദർ കെ. എ. തോമസിന്റെ ഭാര്യ സിസ്റ്റർ അന്നമ്മ തോമസ് (കുഞ്ഞുമോൾ-81) 2025 ഫെബ്രുവരി 5 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 8 ന് മുട്ടത്തുമാവില ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കാരം നടത്തി.
**മക്കൾ:** ബ്രദർ ഷാജി പി. തോമസ്, സിസ്റ്റർ ഗ്രേസ് ഷാജി തോമസ്.

## ബ്രദർ ബിനോയ് വർക്കി തോമസ്



**കടവന്ത്ര:** ബ്രദറൺ അസംബ്ലി (അബുദാബി, മലേഷ്യ, ദമ്മാം, ചെന്നൈ) അംഗമായ ബ്രദർ ബിനോയ് വർക്കി തോമസ് (42) ഫെബ്രുവരി 11 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 15 ന് ചിറ്റൂരിലെ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ റൂത്ത്.
**മക്കൾ:** ബ്രദർ സാമുവൽ, സിസ്റ്റർ സാറ.



# മാങ്ങോട് ബേബിച്ചായൻ

പത്തനംതിട്ട ജില്ലയിൽ ചെങ്ങറയിൽ കൈയ്യാലക്കൽ വർഗ്ഗീസ് മറിയാമ്മ ദമ്പതികളുടെ മകനായി 1935 ൽ ജനിച്ചു.

മൈലപ്ര സഭയുടെ ചുമതലയിൽ ചെങ്ങറയിൽ നടന്ന സുവിശേഷയോഗത്തിൽ വച്ച് പതിനെട്ടാം വയസ്സിൽ രക്ഷിക്കപ്പെട്ട് ബ്രദറൺ അസംബ്ലിയുടെ ഭാഗമായി. തുടർന്ന് തിരുവനന്തപുരത്ത് അല്പകാലം ദൈവവചന പഠനം നടത്തി.

1960ൽ 28-ാമത്തെ വയസ്സിൽ കോട്ടയം ജില്ലയിൽ അരീപ്പറമ്പ് തറവാട്ടത്തിൽ മാത്യു തര്യൻ മറിയാമ്മ ദമ്പതികളുടെ മകൾ കുഞ്ഞമ്മയെ ജീവിതസഖിയായി സ്വീകരിച്ചു. 2018 ആഗസ്റ്റ് 8 ന് ഭാര്യ കുഞ്ഞമ്മ കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

1976 ൽ ചെങ്ങറയിൽ നിന്ന് കാസർഗോഡ് ജില്ലയിലെ മാങ്ങോട് എന്ന സ്ഥലത്തേക്ക് കുടിയേറി.

കാസർഗോഡ് ജില്ലയിലെ ആദ്യ കൂടി വരവായ കാലിക്കടവിൽ 1976 - 81 വരെ പ്രവർത്തിച്ചു. തുടർന്ന് മാങ്ങോട് ബ്രദറൺ അസംബ്ലിയുടെ വളർച്ചയിലും ശുശ്രൂഷയിലും 31 വർഷങ്ങൾ നേതൃത്വം നൽകി. YMEFന്റെ കാസർഗോഡ് യൂണിറ്റ് ട്രഷറർ, കാസർഗോഡ് റിലീഫ് ഫണ്ട് ട്രഷറർ എന്നീ നിലയിലും പ്രവർത്തിച്ചു.

നീലേശ്വരത്തിന് കിഴക്ക് മാങ്ങോട് ഭൗമികമായ ബിസിനസിനോട് കൂടെ സഭാപ്രവർത്തനങ്ങളിലും സുവിശേഷ പ്രവർത്തനങ്ങളിലും സജീവമായി നേതൃത്വം നൽകി. ധാരാളം ദൈവദാസന്മാരെ സ്വന്തഭവനത്തിൽ താമസിപ്പിച്ച് കർതൃശുശ്രൂഷയ്ക്ക് ചുമൽ കൊടുത്തു.

2012 ൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിലേക്ക് താമസം മാറ്റി. കഴിഞ്ഞ ചില നാളുകളായി വാർദ്ധക്യ സഹജമായ ശാരീരിക പ്രയാസങ്ങൾ അലട്ടിയിരുന്നെങ്കിലും തികഞ്ഞ പ്രത്യാശയോടെ 2025 ഫെബ്രുവരി എട്ടിന് സന്ധ്യയ്ക്ക് താൻ പ്രിയംവച്ച കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

മൂന്ന് പെൺമക്കളാണ് കയ്യാലക്കൽ വർഗീസ് ബേബി-കുഞ്ഞമ്മ ദമ്പതികൾക്ക്.
**മക്കൾ:** മേരിക്കുട്ടി ചെറിയാൻ, ഷേർലി കോശി, ഷീന ബെന്നി.
**മരുമക്കൾ:** ജോൺ ചെറിയാൻ ഓസ്ട്രേലിയ, ഏബ്രഹാം മുണ്ടുകോട്ടക്കൻ മുംബൈ, ബെന്നി ചാക്കോ മുള്ളൻകുഴിയിൽ തിരുവല്ല.
**കൊച്ചു മക്കൾ:** മെറിൻ റിച്ചാർഡ്സൻ, ഷെബിൻ ചെറിയാൻ, ഷാരോൺ ചെറിയാൻ, റോഷിൻ ചെറിയാൻ, ജസ്റ്റി ജോബ്, ആൻ ബെന്നി, അക്സ ബെന്നി.




# പ്രാർത്ഥന – സഹായം

## GMI NEWS

**ജോർജ്ജ് മാത്യു** GMI

നിങ്ങൾക്ക് പ്രതീക്ഷിക്കുന്ന ഒരു അന്ത്യം നൽകുന്നതിനായി ഞാൻ നിങ്ങളെക്കുറിച്ചുള്ള ചിന്തകൾ എന്താണെന്ന് എനിക്കറിയാം, തിന്മയുടെല്ല, സമാധാനത്തിന്റെ ചിന്തകളാണ്, എന്ന് കർത്താവ് അരുളിചെയ്യുന്നു. യിരെമ്യാവ് 29:11

ഏകദേശം 30 വർഷമായി GMI വഴി കർത്താവിനു വേണ്ടി ചെയ്ത ത്യാഗപരമായ സേവനത്തിന് ബ്രദർ ഡേവിഡിനും സിസ്റ്റർ സൂഹാരിംഗ്ടണിനും നന്ദി പറയുന്നതിൽ ഞങ്ങളോടൊപ്പം ചേരുക. ട്രഷറർ എന്ന നിലയിൽ ഡേവിഡും ഓഫീസിലെ അവരുടെ സഹായത്തോടെ സൂവും ബോർഡിനെ പൂർണ്ണമായും പിന്തുണയ്ക്കുകയും ഇന്ത്യയിലെ ദാതാക്കളുമായും സുവിശേഷകരുമായും ശുശ്രൂഷകളുമായും സഹകരിക്കുകയും ചെയ്തു. ഡേവിഡ് വൈസ് ചെയർമാനായി ഡിസംബറിൽ സേവനമനുഷ്ഠിക്കുന്നത് തുടരുമ്പോൾ, സൂവിരമിക്കുന്നത് അവരുടെ പള്ളിയിൽ അധിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും കുടുംബാംഗങ്ങളെ പരിപാലിക്കാൻ ലഭ്യമാകാനും വേണ്ടിയാണ്.

ബ്രദർ ജേക്കബ് തോമസ് ട്രഷററുടെ റോളിലേക്ക് കാലെടുത്തുവച്ചതിൽ ഞങ്ങൾ നന്ദിയുള്ളവരാണ്, ബ്രദർ അസിസ്റ്റന്റ് ട്രഷററുടെ റോളിൽ പ്രെസ്റ്റിൻ പ്രസാദ് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർ ബ്രദർ റോയ് ജോസഫിനൊപ്പം ഇരുവരും എല്ലാ സാമ്പത്തിക റിപ്പോർട്ടിംഗും, ദാതാക്കളുമായുള്ള ആശയവിനിമയവും, ഇന്ത്യയിലെ ശുശ്രൂഷകർക്കുള്ള ഫണ്ട് കൈമാറ്റം സുഗമമാക്കുന്നതും മേൽനോട്ടം വഹിക്കും. ദയവായി അവരെ പ്രാർത്ഥനയിൽ പിന്തുണയ്ക്കുക.

ലേക്ക്സൈഡ് ബൈബിൾ ചാപ്പലിൽ നിന്നുള്ള സിസ്‌ലീ ആൻ കോളാർഡ് ജി എം ഐയുടെ ഓഫീസ് സെക്രട്ടറിയുടെ റോൾ സ്വീകരിച്ചതായി നിങ്ങളെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. എൽഡ് ചാപ്പൽ അവരെ വളരെയധികം ശുപാർശ ചെയ്യുന്നു. ബ്രദർ ജോസഫ് രാജുവും ബ്രദർ റോയ് ജോസഫും അവരെ അറിയുന്നു. അവർക്ക് ശക്തമായ ഭരണപരമായ കഴിവുകളുണ്ട്, കർത്താവിനെ സേവിക്കാനുള്ള മനസ്സുണ്ട്, ദയവായി അവരെ ജി എം ഐ ടീമിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഞങ്ങളോടൊപ്പം ചേരുക.

അനുഗ്രഹീതമായ 2025 നായി ഞങ്ങൾ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്നു. ഇന്ത്യയിലെ കർത്താവിനെ സേവിക്കുന്നതിലും അവന്റെ വേലയെ പിന്തുണയ്ക്കുന്നതിലും തുടരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**വിശ്വാസികളുടെ ആശ്വാസ വിശ്വാസം**

**സാംകുട്ടി ജോർജ്, അടൂർ**

തിരുവെഴുത്തുകൾക്ക് അനുസൃതമായി ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് ബ്രദറൺ സമൂഹത്തിലെ ദരിദ്രരെ സേവിക്കുന്നു. 45 വർഷം മുമ്പ് ഈ ശുശ്രൂഷ ആരംഭിച്ച നമ്മുടെ പ്രബുദ്ധരായ പൂർവ്വികൾക്ക്, ദൈവത്തിന്റെ പിന്നോക്കാവസ്ഥയിലുള്ള മക്കളെ സേവിക്കുന്നതിൽ അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. കൂടാതെ ഞങ്ങൾ പിന്തുടരാൻ ശ്രമിക്കുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ബിആർടി ശുശ്രൂഷകരുടെ രണ്ട് പ്രധാന മേഖലകൾ വിധവകളുടെ സഹായവും ദരിദ്രരും ഭവനരഹിതരുമായ വിശ്വാസികൾക്കായി വീടുകൾ നിർമ്മിക്കുന്നതുമാണ്.

വിധവകളുടെ സഹായം: ബിആർടി ശുശ്രൂഷയുടെ തുടക്കം മുതൽ, മറ്റ് വരുമാന സ്രോതസ്സുകളില്ലാത്ത ഞങ്ങളുടെ വിശ്വാസ ഭവനങ്ങളിലെ (മരിച്ച സുവിശേഷകരുടെ ഭാര്യമാർ ഉൾപ്പെടെ) ദരിദ്രരും നിസ്സഹായരുമായ വിധവകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വർഷങ്ങൾ കടന്നുപോകുമ്പോൾ, അലവൻസ് തുക പോലെ, എന്റോൾമെന്റ് പട്ടികയും വർദ്ധിച്ചു. നിലവിൽ, 395 വിധവകൾക്ക് പതിവായി (മൂന്ന് മാസത്തിലൊരിക്കിൽ) ഒരു ലക്ഷം രൂപ വരെ പണസഹായം ലഭിക്കുന്നുണ്ട്. ഒരാൾക്ക് 3,000 രൂപ. പ്രതിമാസം കുറഞ്ഞത് 1,000 രൂപയെങ്കിലും നൽകുക എന്നതാണ് ഞങ്ങളുടെ ആഗ്രഹം, സ്പോൺസർ ചെയ്ത ഫണ്ടുകളുടെ അപര്യാപ്ത കാരണം ഈ വർഷം ഞങ്ങൾക്ക് അത് നേടാൻ കഴിഞ്ഞില്ല. മുകളിൽ പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ ഞങ്ങളെ സഹായിക്കുന്നതിനെക്കുറിച്ച് പരിഗണിക്കാൻ എല്ലാ വിശ്വാസികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഫണ്ട് അനുവദിക്കുന്നതുപോലെ കേരളത്തിന് പുറത്തുനിന്നുള്ള കൂടുതൽ ദരിദ്ര വിധവകളെ ഉൾപ്പെടുത്താനും ഞങ്ങൾ വിഭാവനം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം, സാമ്പത്തികമായി ബുദ്ധിമുട്ടുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള, വരുമാന സ്രോതസ്സില്ലാത്ത വിധവകളെ പരിഗണിക്കും. അത്തരം നിരവധി സഹോദരിമാർ ബിആർടിയിൽ നിന്ന് ഈ ചെറിയ തുക പോലും ലഭിക്കാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നുണ്ടെന്ന് ഞങ്ങൾക്ക് വ്യക്തിപരമായി അറിയാം.

**വിദ്യാഭ്യാസം നേടിയവർ**

ഭവനരഹിതർക്കുള്ള വീടുകൾ ബിആർടി മന്ത്രാലയം ആരംഭിച്ചത്, കഴിഞ്ഞ വർഷം, ഒരു ഭവനരഹിത സുവിശേഷകന്റെ കുടുംബത്തിന് ഒരു വീട് നിർമ്മിക്കാൻ ക്രമീകരിച്ചുകൊണ്ടാണ്. വർഷങ്ങൾക്ക് മുമ്പ്, ദെയ്യ ബ്രദറൺ അസംബ്ലി ദരിദ്രർക്കായി വീടുകൾ സ്പോൺസർ ചെയ്യാൻ തുടങ്ങി, എന്നിരുന്നാലും വർഷങ്ങൾ കടന്നുപോയപ്പോൾ, നിർമ്മാണച്ചെലവ് കാരണം തുക തുല്യമായി. അതിനാൽ പദ്ധതി നിർത്തിവച്ചു. ബിആർടി നിയോഡി സഹോദരങ്ങൾക്ക് വീട് നിർമ്മാണത്തിനായി പരിമിതമായ ഒരു തവണ പണസഹായം നൽകുന്നത് തുടർന്നു. അത് ഇപ്പോഴും തുടരുന്നു. നാല് വർഷം മുമ്പ്, ദൈവത്തിന്റെ കരുതലിൽ പൂർണ്ണമായും ആശ്രയിച്ച് മാനേജിംഗ് കമ്മിറ്റി, ഭവനരഹിതർക്ക് കുറഞ്ഞ ചെലവിലുള്ള വീടുകൾ (ഏകദേശം 540 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 2BRK വീടുകൾ) ഒരു രൂപയ്ക്ക് നിർമ്മിക്കാൻ പദ്ധതിയിട്ടു.

അഞ്ച് ലക്ഷം അല്ലെങ്കിൽ $6000(2021 ൽ) കേരളത്തിലെ ഓരോ ഭക്ഷണശാലയിലും ഒരു വീട് നിർമ്മിക്കുക എന്നതായിരുന്നു ലക്ഷ്യം. ദൈവകൃപയാൽ, ഇതുവരെ, വീടില്ലാത്തതോ വീട് മോശമായതോ നന്നാക്കാൻ കഴിയാത്തതോ ആയ അവസ്ഥയിലായിരുന്ന ഏഴ് സഹോദര കുടുംബൾക്ക് ഞങ്ങൾ നിർമ്മാണം പൂർത്തിയാക്കി ഏഴ് വീടുകൾ എത്തിച്ചു നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഏഴ് ലക്ഷം (US$8,400) രൂപ ചെലവിൽ എട്ടാമത്ത വീട് ഏതാണ്ട് പൂർത്തിയായി. വടക്കൻ കേരളത്തിൽ നിന്ന് രണ്ട് അഭ്യർത്ഥനകൾ കൂടി നിലവിൽ പരിഗണനയിലാണ്. അവസാന മൂന്ന് വീടുകൾക്ക് ഏഴ് കൽഡെസ് രൂപ വീതം സ്പോൺസർമാരെ ലഭിച്ചതിൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. വീടില്ലാത്തവരുടെ കണ്ണുനീർ തുടയ്ക്കുന്നതിൽ ഞങ്ങളോടൊപ്പം ചേരാൻ എല്ലായിടത്തുമുള്ള വിശ്വാസികളെ ഞങ്ങൾ ക്ഷണിക്കുന്നു. താമസിക്കാൻ ഒരു വീട് നൽകുന്നതിലൂടെ, ഓരോ സ്വീകർത്താവിന്റെ കുടുംബത്തിനും ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഒരു സ്വാധീനം ഞങ്ങൾ ഉണ്ടാക്കുന്നു. ദൈവത്തിന് മഹത്വം നൽകുന്നു. സന്തോഷത്തിന്റെയും സ്തുതിയുടെയും സാക്ഷ്യങ്ങൾ ഞങ്ങളുടെ പക്കലുണ്ട്. ക്രിസ്തീയ സ്നേഹത്തിന്റെയും കരുതലിന്റെയും പ്രായോഗിക പ്രവർത്തനത്തിന് തദ്ദേശീയ ജനങ്ങളും സാക്ഷികളാണ്

**ഗൗരവങ്ങൾ**

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമേ, ദരിദ്രരും സാമ്പത്തികമായി വെല്ലുവിളി നേരിടുന്നവരുമായ വിശ്വാസികളുടെ മോഡിക്കൽ, വിദ്യാഭ്യാസ, വിവാഹ സംബന്ധമായ ആവശ്യങ്ങൾക്കായി BRTസാമ്പത്തിക സഹായവും നൽകുന്നു. ഈ ഖനിയിലെ എല്ലാ പിന്തുണക്കാർക്കും സഹകരികൾക്കും ഞങ്ങൾ നന്ദി പറയുന്നു എല്ലാ മഹത്വവും ദൈവത്തിനാണ്

**ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റ്–50 വർഷങ്ങൾ**

**ഷോൺവേ പോത്തുരാൻ**

കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ മുഴുവൻ സമയ സുവിശേഷകർക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ 1973 ൽ ആരംഭിച്ച ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റിനായുള്ള വൈ പ്രേറ്റ് ലോർഡ് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ബെസ് മാനസ്ട്രി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മുഴുവൻ സമയ സുവിശേഷകരെ പതിവായി പിന്തുണയ്ക്കുന്നു. അവർ ന്യൂയെത്തുടർന്ന് അസംബ്ലികളുമായി ബന്ധപ്പെട്ടിരിക്കുന്നു. കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ മുഴുവൻ സമയ സുവിശേഷകർക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ 1973 ൽ ആരംഭിച്ച ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റിന് ഞങ്ങൾ കർത്താവിനെ സ്തുതിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, പുതിയനിയമ സഭാ പഠിപ്പിക്കലുകൾ പിന്തുടരുന്ന അസംബ്ലികളുമായി ബന്ധപ്പെട്ടിരിക്കുന്ന ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മുഴുവൻ സമയ സുവിശേഷകരെ ഈ ശുശ്രൂഷ പതിവായി പിന്തുണയ്ക്കുന്നു. സ്വമേധയാ പണ സ്രോതസ്സുകൾ അയയ്ക്കുന്ന വ്യക്തികളെയും പള്ളികളെയും നാല് ഘട്ടങ്ങളായി സ്വീകരിക്കുന്നു. സുവിശേഷകരുടെ IET വഴി നൽകുന്ന സാമ്പത്തിക സഹായം ഈ സുവിശേഷകരുടെ വർദ്ധിച്ച ജീവിതച്ചെലവുമായി പൊരുത്തപ്പെടണമെന്നില്ല. എന്നിരുന്നാലും, അവരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഇത് ഒരു പ്രധാന സഹായമാണ്.

**വിതരണം**

ദൈവകൃപയാൽ, IET2023–ൽ ദൈവദാസന്മാർക്കുള്ള സേവനത്തിന്റെ 50 വർഷം പൂർത്തിയാക്കി. കഴിഞ്ഞ വർഷം, നിരവധി സംസ്ഥാനങ്ങളിലെ അതത് സുവിശേഷകരുമായി ഓൺലൈൻ പ്ലാറ്റ്ഫോമിൽ ആശയവിനിമയം നടത്താൻ ഞങ്ങൾക്ക് കഴിഞ്ഞു. കൂട്ടായ്മ, പ്രാർത്ഥന, പരസ്പര ഇടപെടൽ എന്നിവയ്ക്കായി. കൂടാതെ, ഞങ്ങൾ പിന്തുണയ്ക്കുന്ന സുവിശേഷകർക്കായി ഞങ്ങൾ പ്രദേശിക സമ്മേളനങ്ങൾ നടത്തി. 2024–ൽ, IET 3000+ൽ 738 സുവിശേഷകരെയും 55 വിധവകളെയും പിന്തുണയ്ക്കാൻ കഴിഞ്ഞു. സുവിശേഷകർക്കുള്ള പതിവ് പിന്തുണയ്ക്ക് പുറമേ, അസംബ്ലി ഹാൾ നിർമ്മാണം, സുവിശേഷ പ്രവർത്തനം, ബൈബിൾ സ്കൂളുകൾ, അനാഥാലയങ്ങൾ, സുവിശേഷകരുടെയും വിധവകളുടെയും ഭവന നിർമ്മാണം തുടങ്ങിയ പ്രത്യേക ആവശ്യങ്ങൾക്കായി ദാതാക്കളിൽ നിന്ന് നീക്കിവച്ച സമ്മാനങ്ങൾ നൽകാനും ഞങ്ങൾക്ക് കഴിഞ്ഞു.

(തുടർച്ച പേജ് ...7)



# ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് നാല്പത്തി അഞ്ചാമത് വാർഷിക റിപ്പോർട്ട് സമർപ്പിച്ചു

**കുമ്പനാട്:** സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന കേരളത്തിലെ വേർപെട്ട ദൈവജനങ്ങളുടെ സഹായത്തിനായി ആരംഭിച്ച ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിന്റെ പ്രവർത്തനം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കൊത്ത വണ്ണം ഒരു വർഷം കൂടെ ഭംഗിയായി പൂർത്തീകരിക്കുവാൻ ദൈവം കൃപ ചെയ്തു. 1979 മെയ് 1 നു കോട്ടയത്ത് ചേർന്ന സമ്മേളനത്തിൽ ആണ് "ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് " എന്ന ഈ ധർമസ്ഥാപനം രൂപം കൊണ്ടത്. സാമ്പത്തികമായി ക്ലേശം അനുഭവിക്കുന്നവർക്കും പ്രകൃതിദുരന്തം മഹാമാരി തുടങ്ങിയ അപ്രതീക്ഷിത സംഭവങ്ങൾ നിമിത്തമുണ്ടായ കഷ്ടനഷ്ടങ്ങൾ എന്നീ ആവശ്യങ്ങളിൽ ഇരിക്കുന്നവർക്കും ധനപരമായി കൈത്താങ്ങ് നൽകി ദൈവസ്നേഹം അവരിലേക്ക് പകരുക എന്നതാണ് ട്രസ്റ്റിന്റെ പ്രവർത്തനലക്ഷ്യം. ഏകദേശം 385 വിധവകളെയും 121 രോഗികളെയും 13 പെൺകുട്ടികളുടെ വിവാഹത്തിനും സാമ്പത്തികമായി കൈത്താങ്ങുവാൻ BRT യ്ക്ക് സാധിച്ചു. കൂടാതെ 404 വിദ്യാർത്ഥികൾക്ക് വിദ്യഭ്യാസ സഹായം നൽകുവാൻ ഈ പ്രസ്ഥാനത്തെ ദൈവം ഇടയാക്കി. ബി ആർടിയുടെ ശുശ്രൂഷയിൽ പ്രാർത്ഥിച്ചും സാമ്പത്തികമായി സഹായം നൽകിയും, ഇതര സേവനങ്ങളിൽ ഏർപ്പെട്ടും പങ്കാളികളായ എല്ലാവർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു.

## നെല്ലിമല ബൈബിൾ കൺവൻഷൻ 2025

**നെല്ലിമല:** നെല്ലിമല ബ്രദറൺ ഗോസ്പൽ ടീമിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ബൈബിൾ കൺവൻഷൻ 2025 ജനുവരി 31 വെള്ളി മുതൽ ഫെബ്രുവരി 2 ഞായർ വരെ വട്ടക്കോട്ടാൽ തെക്കേക്കണ്ണാട്ട് വെച്ച് നടത്തപ്പെട്ടു. രാവിലെ 6.00 മണി മുതൽ രാത്രി 8.30 വരെ ബ്രദർ ജോൺ പി തോമസ് (എറണാകുളം), ബ്രദർ ലിജോയ് പി ചാക്കോ (പാലാരിവട്ടം) എന്നിവർ "കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചുള്ള പ്രവചന വിഷയങ്ങൾ" എന്ന തീമിനെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. ബ്രദർ വി. ജി. അറക്കൽ, ബ്രദർ ജെയിംസ് കെ ചെറിയാൻ (കുമ്പനാട്) എന്നിവരുടെ ഗാന ശുശ്രൂഷയും ഉണ്ടായിരുന്നു.

## പാമ്പാടി ക്രൂസേഡ്

**പാമ്പാടി:** 2025 ജനുവരി 30, 31, ഫെബ്രുവരി 1, 2 എന്നീ തീയതികളിൽ ദിവസവും വൈകുന്നേരം 6.00 മുതൽ 9.00 വരെ പാമ്പാടി കമ്മ്യൂണിറ്റി ഹാൾ മൈതാനത്തിൽ വെച്ച് സുവിശേഷ പ്രഘോഷണവും സംഗീത സായാഹ്നവും നടത്തപ്പെട്ടു. സുവിശേഷകന്മാർ കെ. വി. തോമസ്, അജോയ് റ്റി. മാത്യു, ജോയി ജോൺ, ബിജു കെ ആലടി എന്നിവരാണ് പ്രസംഗകർ. മാത്യു ജോൺ, ഇമ്മാനുവൽ ഹെൻട്രി, പോൾസൺ കണ്ണൂർ എന്നിവരുടെ നേതൃത്വത്തിലും, ഓർക്കസ്ട്ര യേശുദാസ് ചെങ്ങന്നൂരിന്റെ നേതൃത്വത്തിലും സംഗീത സായാഹ്നം നടക്കുകയും ചെയ്തു.




## കൊയ്ത്ത് വളരെയുണ്ട് സത്യം വേലക്കാരോ ചുരുക്കം

1991 മെയ് 2 എരുമേലി ബ്രദറൺ സഭയിൽ നിന്നും. സുവിശേഷകൻ V.P. ഫെർണാണ്ടസും ഭാര്യ ഉഷയും മകൻ അലെക്സും, സഭയും-മൂപ്പന്മാരും ചേർന്ന് പ്രാർത്ഥിച്ച് ആന്ധ്രായിലെ വേലയ്ക്കായി അയച്ചു.

ആന്ധ്രയിലെ, വിജയ നഗരത്തുള്ള ചെല്ലൂർ എന്ന ഗ്രാമത്തിൽ താമസിച്ച് പ്രവർത്തനം ആരംഭിച്ചു. സുവിശേഷത്തിന്റെ ശബ്ദം കേട്ടു ആദ്യത്തെ സഭ ബഥേൽ ബ്രദറൺ അസംബ്ലി തുടങ്ങി. തുടക്കത്തിൽ മൂന്ന് ചേരോടുകൂടെ തുടങ്ങിയെങ്കിലും ഇപ്പോൾ 280 പേർ ആരാധിക്കുന്നു.

അതിന് ശേഷം രണ്ടാമത്തെ സഭയുടെ തുടക്കം 70 കിലോമീറ്റർ അകലെയുള്ള ബൊബ്ബി എന്ന ഗ്രാമത്തിലായിരുന്നു. ഒരു ഗ്രാമം മുഴുവനും സുവിശേഷം കേട്ട് രക്ഷിക്കപ്പെട്ടു മുമ്പോട്ട് വന്നു. ഇപ്പോൾ 300 പേർ ആരാധനയ്ക്കായി കൂടിവരുന്നു.

കഴിഞ്ഞ 34 വർഷത്തെ പ്രവർത്തന ഫലമായി 108 പ്രദേശിക സഭകൾ ഉണ്ടാകുവാൻ ഇടയായി. സഭകളിൽ നിന്നും വേലയ്ക്കായി വേർതിരിഞ്ഞ 100 ഓളം യുവാക്കന്മാരെ വചനം പഠിപ്പിച്ച് വേലയ്ക്കായി അയച്ചു. അവർ കുടുംബമായി ഗ്രാമങ്ങളിൽ താമസിച്ചു വേല ചെയ്തു വരുന്നു.

"കൊണ്ട ദോറ" എന്ന അറിയപ്പെടുന്ന ആദിവാസികൾ ഓറീസയുടെയും ആന്ധ്രയുടെയും അതിർത്തി പ്രദേശമായ മലനിരകളുടെ മുകളിൽ താമസിക്കുന്നു. അവരു താമസിക്കുന്ന സ്ഥലങ്ങളിൽ എത്തിച്ചേരണമെങ്കിൽ കാൽ നടയായി മാത്രമേ ചെല്ലുവാൻ സാധിക്കത്തുള്ളു. റോഡു സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല.

2005 സുണബ എന്ന ആദിവാസിയുടെ ഗ്രാമത്തിൽ സുവിശേഷവുമായി കടന്ന് ചെല്ലുവാൻ ഇടയായി. ഗ്രാമത്തിൽ ചെന്നപ്പോൾ ഞെട്ടിപ്പിക്കുന്ന അനേക കാര്യങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു!

ആ ഗ്രാമത്തിന്റെ മധ്യത്തിൽ ഒരു മരം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. മരത്തിന് ചുറ്റും ചുമന്ന നൂലുകൾ കൊണ്ട് ചുറ്റികെട്ടിയിരിക്കുന്നു? മരത്തിന്റെ കൈയെത്താവുന്ന സ്ഥലംവരെ മഞ്ഞൾ കൊണ്ടും കുങ്കുമം കൊണ്ടും തേച്ചു പിടിപ്പിച്ചിരിക്കുന്നു. മരത്തിന്റെ ചുവട്ടിൽ രക്തം തളം കെട്ടി കിടക്കുന്നു.

അന്ധവിശ്വാസമായ ഗ്രാമിണർ പ്രകൃതി ശോഭങ്ങൾ ഉണ്ടാകുമ്പോൾ ദേവത കോപിച്ചതാണെന്ന് തെറ്റിധരിച്ച് ദേവതയെ പ്രസാദിപ്പിക്കുവാൻ വേണ്ടി മൃഗബലികളും മനുഷ്യ ബലികളും ചെയ്യുന്നു.

ഗ്രാമ മൂപ്പൻ ഉറഞ്ഞ് തുള്ളി ആ ഗ്രാമത്തിലെ ഏതെങ്കിലും ഒരു കുഞ്ഞിന്റെ പേര് പറഞ്ഞാൽ ആ കുഞ്ഞിനെ ബലികൊടുക്കും!

ഞങ്ങൾ ചില ആഴ്ചകൾ ഈ ഗ്രാമത്തിൽ താമസിച്ചു സുവിശേഷം അറിയിച്ചു. ആദ്യമായി ആ ഗ്രാമത്തിലെ മൂപ്പനും, മൊത്തം 16 പേർ രക്ഷിക്കപ്പെട്ടു. തുടർന്ന് നിരന്തരമായ പ്രവർത്തനം മുഖാന്തിരം 200 പേർ രക്ഷിക്കപ്പെടുവാൻ ഇടയായി.

ആദ്യത്തെ സ്നാന ശുശ്രൂഷ 120 പേരുടെയായിരുന്നു. സുവി. P.V. തമ്പി കൊല്ലം, സുവി. ചാൾസ് ജോൺ റാന്നി കടന്ന് വന്ന് നടത്തി. ഇപ്പോൾ 300 ഏറെ വിശ്വസികൾ അവിടെ കർത്താവിനെ ആരാധിച്ചു വരുന്നു.

ഈ സത്യം നേരിട്ട് കണ്ട ഈ. റ്റി. ബെന്നി എന്ന സഹോദരൻ കടന്ന് വന്ന് അസംബ്ലി ഹാൾ പണിത് കൊടുത്തു.

" ഇരുളിൽ ഇരുന്ന ജനം വലിയയൊരു വെളിച്ചം കണ്ടു സന്തോഷിച്ചു."

താടിവലസ എന്നമറ്റോരു ഗ്രാമത്തിന്റെ കഥ. ഈ ഗ്രാമത്തിൽ ചെല്ലുവാൻ 16 മണിക്കൂർ കാൽ നടയിമലകൾ കയറി ഇറങ്ങി വേണം അവരുടെ ഗ്രാമത്തിൽ ചെല്ലുവാൻ. ആ ഗ്രാമത്തിൽ സുവിശേഷവുമായി ഞങ്ങൾ ചെന്നപ്പോൾ, ഗ്രാമക്കാർ നിലവിളിച്ചുകൊണ്ടു ഞങ്ങളുടെ അടുത്ത് വന്നു.

ഞങ്ങളുടെ ദേവത ഞങ്ങളെ കൊല്ലുന്നു. ഞങ്ങളെ രക്ഷിക്കേണമെ! എന്നായിരുന്നു നിലവിളി. ആഴ്ചയിൽ മൂന്നും നാലും പേരു മരണപ്പെടുന്നു.

ഞങ്ങൾ ഒരാഴ്ച അവരുടെ ഇടയിൽ താമസിച്ച് പ്രവർത്തിച്ചു. മരണത്തെക്കുറിച്ചുള്ള കാരണങ്ങൾ അന്വേഷിച്ചു. അപ്പോഴാണ് ഒരു കാര്യം ഞങ്ങൾ മനസ്സിലാക്കിയത്.

ആഹാരം പാകം ചെയ്യുമ്പോൾ ഉപയോഗിച്ച എണ്ണ ആവണെക്കു എണ്ണ ആയിരുന്നു. ആ എണ്ണയിൽ പാകം ചെയ്തു ആഹാരം കഴിച്ചാൽ ഉടനെ ഛർദിയും വയർ ഇളക്കവും ഉണ്ടായാണ് മരണം സംഭവിച്ചുകൊണ്ടിരുന്നത്. കാര്യങ്ങൾ ഞങ്ങൾ അവർക്കു മനസ്സിലാക്കി കൊടുത്തു. ആ ഗ്രാമം മുഴുവനും രക്ഷിക്കപ്പെട്ടു. ഇപ്പോൾ 320 പേരു അവിടെ കർത്താവിനെ ആരാധിച്ചുവരുന്നു. ഡാളസ്സിൽ ഉള്ള മാത്യു ഫിലിപ്പോസു അസംബ്ലി ഹാൾ പണിത് കൊടുത്തു.

ആ സഭയുടെ പ്രവർത്തനം മുഖാന്തിരം ആ മലകളുടെ മുകളിലുള്ള 8 ഗ്രാമക്കാർ രക്ഷിക്കപ്പെട്ടു. 8 സഭകൾ ഉണ്ടായി. ഇനിയും സുവിശേഷം കേൾക്കാത്ത അനേക ഗ്രാമങ്ങൾ ഉണ്ട്. വസ്ത്രം ഉടുക്കുവാൻ അറിഞ്ഞുകൂടാ. വസ്ത്രങ്ങൾ ഇല്ല. മൃഗങ്ങളെ വേട്ടയാടി ജീവിക്കുന്ന ഈ ജനങ്ങളോടു സുവിശേഷം അറിയിക്കേണ്ടത് നമ്മുടെ കടമയാണ്!!!

(തുടർച്ച പേജ് ...6)

**IETയുടെ അവസാനം**

അതിന്റെ സ്ഥാപക സഹോദരങ്ങളുടെ ദർശനം ഉയർത്തിപ്പിടിക്കുന്നതിനും തിരുവെഴുത്തു തത്വങ്ങൾ പാലിക്കുന്നതിനുമുള്ള അതിന്റെ ദൗത്യം തുടരുക എന്നതാണ്. കൂടുതൽ സുവിശേഷകരിലേക്ക് IET യുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഭാരമുള്ള വിശ്വാസികളുടെയും ദാതാക്കളുടെയും പ്രാർത്ഥനകളെയും പിന്തുണയെയും മന്ത്രാലയം ആശ്രയിക്കുന്നു. വർഷങ്ങളായി ശക്തിയുടെ തൂണുകളായി വർത്തിച്ച ദാതാക്കൾ, പ്രാർത്ഥന പങ്കാളികൾ, പിന്തുണക്കാർ എന്നിവർക്ക് നന്ദി. ഇന്ത്യയിലെ മഹത്തായ സുവിശേഷത്തിന്റെ പ്രചാരണത്തിനായി നിങ്ങളുമായി പങ്കാളികളാകാൻ കഴിയുന്നത് ഒരു വലിയ പദവിയാണ്.

**മേഴ്സി ഹോം, ടാറ്റാനഗർ**

**ബോബി സ്കാന**

മേഴ്സി ഹോം കുട്ടികൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനകൾക്കും പിന്തുണയ്ക്കും ഞങ്ങൾ നന്ദിയുള്ളവരാണ്. മേഴ്സി ഹോം മിനിസ്ട്രി നടത്തുന്നതിൽ ഉയർച്ച താഴ്ചകൾ ഉണ്ടായിരുന്നെങ്കിലും, വിശ്വാസികളുടെ പിന്തുണ ഞങ്ങൾക്ക് പ്രോത്സാഹനം നൽകി. ഭക്ഷണം, ഗതാഗതം, സ്കൂൾ ഫീസ്, ട്യൂഷൻ ഫീസ്, മറ്റ് അനുബന്ധ ചെലവുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ കുട്ടികളെ പരിപാലിക്കുക എന്ന വലിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് ഞങ്ങൾക്ക് തുടർച്ചയായ പ്രാർത്ഥനയും പിന്തുണയും ആവശ്യമാണ്.

കോളേജുകളിൽ പഠിക്കുന്ന ചിലർ ഉൾപ്പെടെ നിലവിൽ ഞങ്ങൾക്ക് 21 കുട്ടികളുണ്ട്. 40 കുട്ടികളെ പരിചരിക്കാനുള്ള ശേഷി ഞങ്ങൾക്കുണ്ട്, പക്ഷേ ഫണ്ടിന്റെ അഭാവം കാരണം നിലവിലെ എണ്ണം ഞങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഗ്രാമങ്ങളിൽ ദുരിതപൂർണമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന നിരവധി കുട്ടികൾ കാരുണ്യ ഭവനത്തിലേക്ക് വരാൻ ആഗ്രഹിക്കുന്നു.

**വിൽസും ട്രസ്റ്റും**

ഒരു തലമുറ പോകുന്നു. ഒരു പുതിയ തലമുറ വരുന്നു. പക്ഷേ കർത്താവിന്റെ പ്രവൃത്തി തലമുറതലമുറയായി തുടരുന്നു. നിങ്ങളുടെ ജീവിതകാലത്തിനപ്പുറം ഇന്ത്യയിലെ കർത്താവിന്റെ പ്രവർത്തനത്തെ പിന്തുണയ്ക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ദയവായി നിങ്ങളുടെ ഇഷ്ടത്തിലും/അല്ലെങ്കിൽ വിശ്വാസത്തിലും ഒരു ഗുണഭോക്താവായി ഗോസ്പൽ മിഷൻസ് ഓഫ് ഇന്ത്യ (GMI) ചേർക്കുക. വിലയേറിയ ആത്മാക്കളുടെ രക്ഷയ്ക്കായി ഭൂമിയിൽ നിങ്ങളുടെ നിധി നിക്ഷേപിക്കുന്നതിനുള്ള ഒരു അത്ഭുതകരമായ മാർഗമാണിത്. കൂടുതൽ വിവരങ്ങൾക്ക്, ദയവായി ഞങ്ങളെ ബന്ധപ്പെടുക.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM
അക്ഷരത്തിലൂടെ ആത്മാക്കൾ

Date of Publications : 25.02.2025
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26







# ബ്രദറൺ കൺവൻഷൻ തുറവൂർ

**തുറവൂർ:** തുറവൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 13 വ്യാഴം മുതൽ 16 ഞായർ വരെ വൈകിട്ട് 6.00 മണി മുതൽ 9.00 മണി വരെ തുറവൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച് മൈതാനത്തിൽ വെച്ച് കൺവൻഷൻ നടത്തി. ഇവ. ജോൺ വർഗ്ഗീസ്, ഇവാ. പി. ജി. ജെയിംസ്, ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവരാണ് പ്രസംഗകർ. സ്നേഹനാദം മ്യൂസിക് ടീം ഓടനാവട്ടം ഗാന ശുശ്രൂഷ നടത്തുകയും ചെയ്തു. ഫെബ്രുവരി 15 ശനിയാഴ്ച വൈകിട്ട് 3.00 മുതൽ സ്പെഷ്യൽ മ്യൂസിക് പ്രോഗ്രാമും 16 ഞായർ രാവിലെ 10 മുതൽ 1 മണി വരെ സംയുക്ത സഭായോഗം ഉണ്ടായിരുന്നു.

## ക്രിസ്ത്യൻ ബ്രദറൺ ഫെലൊശിപ്പ് പാലക്കാട്

**പാലക്കാട്:** നെന്മാറയിലുള്ള സഭാപ്രവർത്തനങ്ങളെ കഴിഞ്ഞ നാളുകളിൽ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ഏവർക്കും നന്ദി അർപ്പിക്കുന്നു. സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു.

ദൈവകൃപയാൽ 2024 മാർച്ച് മുതൽ ആരംഭിച്ച ബൈബിൾ ക്ലാസ്സുകൾ എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ചകളിൽ തുടരുന്നു. കൂടാതെ 2024 ഡിസംബർ 22, 23 തീയ്യതികളിൽ ഗോസ്പൽ ക്യാമ്പ് നടത്തപ്പെട്ടു. ഈ ക്യാമ്പിൽ കർതൃദാസന്മാരായ സന്തോഷ് പി. ലൂക്കോസ് പുതുപ്പിള്ളി, ജോയ്. പി. കെ. പെരുംമ്പാവൂർ, ജോണി തോമസ് കോട്ടയം, സ്പർജൻ ജോൺ തൃശ്ശൂർ എന്നിവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. ഈ ക്യാമ്പിനെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി അറിയിക്കുന്നു. 2025 ഫെബ്രുവരി 16 ഞായർ 6.30 മുതൽ 8 വരെ ഇവാ. ജോർജ്ജ് പീറ്റർ ബൈബിൾ ക്ലാസ്സ് നയിച്ചു.

# അക്ഷരഖനി പുരസ്ക്കാരം കെ. സി. ജോണിന്



**തിരുവല്ല:** ക്രൈസ്തവ സാംസ്കാരിക വേദിയുടെ അക്ഷരഖനി പുരസ്കാരം റവ.ഡോ. കെ. സി. ജോണിന്. സാമൂഹിക-സാംസ്കാരിക-സഭാ പ്രവർത്തനങ്ങളിൽ നൽകിയ സമഗ്ര സംഭാവനകൾക്കാണ് 50000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം.

മെയ് 3ന് തിരുവല്ലയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യുമെന്ന് സമിതി ചെയർമാൻ ഡോ.സി. വി. വടവന, ജനറൽ സെക്രട്ടറി അച്ചൻകുഞ്ഞ് ഇലന്തൂർ, ട്രഷറർ അജിത്ത് മാത്യൂസ്, മീഡിയ കൺവീനർ ജോജി ഐപ്പ് മാത്യൂസ് എന്നിവർ അറിയിച്ചു. 1947 സെപ്റ്റംബർ 8ന് കുട്ടനാട് താലൂക്കിന്റെ കിഴക്കൻ ഭാഗമായ തലവടി ഇടയത്ര വീട്ടിൽ കർഷക ദമ്പതികളായ ചാക്കോയുടെയും ശോശാമ്മയുടേയും മൂന്നാമത്തെ മകനായി കെ.സി. ജോൺ ജനിച്ചു.

ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്നത് തലവടി ഗവ. ഹൈസ്കൂളിലാണ്. എസ്.എസ്. എൽ. സി ഫസ്റ്റ് ക്ലാസോടെ പൂർത്തിയാക്കി. അത് അക്കാലത്ത് വലിയ വാർത്തയായിരുന്നു.

പിന്നീട് പ്രസിദ്ധമായ ആലുവ യു.സി കോളേജിൽ നിന്നും ഫിസിക്സിൽ ബിരുദം നേടി. ഇന്ത്യൻ എയർഫോഴ്സിൽ ഉദ്യോഗസ്ഥനായിരുന്ന ജേഷ്ഠ സഹോദരൻ കെ.സി. ജോർജിന്റെ താൽപര്യത്തിൽ കെ.സി.ജോണിന് ഇന്ത്യൻ എയർലൈൻസ് ഓഫീസ് ട്രെയിനിയായി ജോലി ലഭിച്ചു. എന്നാൽ തൻെറ വിളിയും തെരഞ്ഞെടുപ്പും മനസിലാക്കിയ കെ.സി. ജോൺ ജോലിക്ക് പോകാൻ വിസമ്മതിച്ചു. തന്റെ തീരുമാനത്തിൽ കെ.സി.ജോൺ ഉറച്ചു നിന്നു.

പിൽക്കാലത്ത് സഹോദരങ്ങളെല്ലാം മുഴുവൻ സമയ സുവിശേഷകരായി എന്നതും ചരിത്ര സത്യം.

പന്ത്രണ്ടാമത്തെ വയസ്സിൽ തന്നെ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചിരുന്നു കെ.സി തുടർന്നിങ്ങോട്ടുള്ള ഓരോ കാലഘട്ടങ്ങളിലും ദൈവ വിളി തൻെറ ഉള്ളിൽ ശക്തമായി കൊണ്ടിരുന്നു.

തന്റെ നാവിൽ നിന്ന് ഒഴുകിയ വചന വിസ്ഫോടനം അഗ്നിയായി പടർന്ന് ആയിരങ്ങളെ ക്രിസ്തു സ്നേഹത്തിലേക്ക് ആനയിച്ചു. ക്രിസ്തുവിന്റെ മാർവോടു ചേർന്ന് നിന്ന ക്രിസ്തു ഭക്തനായി പ്രഭാഷണ വേദിയിൽ അഞ്ചര പതിറ്റാണ്ട് പിന്നിട്ട റവ.കെ. സി. ജോണിനെ മലങ്കരയുടെ അഗ്നിനാവുള്ള സുവിശേഷകനായാണ് അറിയപ്പെട്ടത്. യുവജന പ്രവർത്തനങ്ങളിലൂടെ സഭാ രംഗത്തേക്ക് കടന്നുവന്ന പാസ്റ്റർ കെ.സി. ജോൺ ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ കേരള സ്റ്റേറ്റ് സെക്രട്ടറിയായി സേവനം ചെയ്ത 1990 കളിൽ സഭാ വളർച്ചയുടെ മികവുറ്റ കാലഘട്ടമായിരുന്നു. പിന്നീട് സഭയുടെ ജനറൽ പ്രസിഡന്റായും ജനറൽ സെക്രട്ടറിയായും സേവനം ചെയ്തു.

സുവിശേഷ വിഹിത പ്രസ്ഥാനങ്ങളുടെ ഇടയിൽ ഗണ്യമായ സ്വാധീനം ചെലുത്തിയ ചാനലാണ് 2006 ൽ താൻ തുടക്കമിട്ട പവർ വിഷൻ ടിവി ചാനൽ. അതിരുകളെ ഭേദിച്ച് തുടക്കം കുറിച്ച പവർ വിഷൻ ചാനൽ വിശ്വാസ സമൂഹത്തിന്റെ ദൃശ്യ സംസ്ക്കാരത്തിനു നവാവേശം നൽകുന്നതായിരുന്നു.

തുടർന്ന് അദ്ദേഹം പ്രഭാഷകൻ, എഴുത്തുകാരൻ, മാധ്യമപ്രവർത്തകൻ, അദ്ധ്യാപകൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീ നിലകളിൽ തന്റെ മികവ് തെളിയിച്ചു. കെ.സി എന്ന രണ്ടക്ഷരം തന്റെ സ്നേഹിതരുടെ നാവിൽ നിറഞ്ഞ് നിൽക്കുന്നത് ഈ അസാമാന്യ മികവിൽ നിന്നാണ്.

**ഭാര്യ:** പ്രെയ്സ് ജോൺ.

**മക്കൾ:** റവ.ജെയിം ജോൺ, ജെയിനി ഹഡ്സൺ, ജെയ്സ് ജോൺ.




Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.